24
തിങ്കൾ
ഒക്ടോബർ 2022
1198 തുലാ 07
Vol 4 Issue No 300

# കേരള പ്രണാമം

സത്യം വദ ധർമ്മം ചര

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com

# ഒൻപത് സർവകലാശാല വി.സിമാരോടും രാജിവയ്ക്കാൻ ആവശ്യപ്പെട്ട് ഗവർണർ

**തിരുവനന്തപുരം:** വിസിമാരോട് രാജിവെക്കാൻ നിർദേശിച്ച് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. കേരളത്തിലെ ഒമ്പത് സർവകലാശാലകളിലെ വൈസ് ചാൻസലർമാരോട് രാജിവെക്കാനാണ് ചാൻസലർ എന്ന നിലയിൽ ഗവർണർ ആവശ്യപ്പെട്ടിരിക്കുന്നത്. തിങ്കളാഴ്ച രാവിലെ 11നകം വി.സിമാർ രാജിവെക്കണമെന്ന നിർദേശമാണ് രാജ്ഭവനിൽ നിന്ന് ബന്ധപ്പെട്ട സർവകലാശാകളിലെ വി.സിമാർക്ക് നൽകിയിരിക്കുന്നത്.

തിങ്കളാഴ്ച വിരമിക്കുന്ന കേരളസർവകലാശാലാ വി.സി. വി.പി മഹാദേവൻപിള്ള ഉൾപ്പെടെ ഒമ്പത് വി.സിമാരോടാണ് രാജിവെക്കാൻ ഗവർണർ നിർദേശിച്ചിരിക്കുന്നത്. മഹാത്മാ ഗാന്ധി സർവകലാശാല, കുസാറ്റ് കണ്ണൂർ യൂണിവേഴ്സിറ്റി, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ്, എ.പി.ജെ. അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി, കോഴിക്കോട് സർവകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല തുടങ്ങി കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ സർവകലാശാലകളിലെ വിസിമാരോട് രാജിവെക്കാനാണ് ഗവർണർ ആവശ്യപ്പെട്ടിരിക്കുന്നത്.

യുജിസി ചട്ടങ്ങൾ പാലിക്കാതെ നടന്ന വിസി നിയമനങ്ങൾക്ക് എതിരായ കോടതി വിധിയുടെ മറപിടിച്ചാണ് ഗവർണർ അസാധാരാണമായ നടപടി എടുത്തിരിക്കുന്നത്. ഇതാദ്യമായാണ് ഇത്തരത്തിൽ ഇത്രയും അധികം വി.സിമാരോട് രാജിവെക്കാൻ ഗവർണർ നിർദേശിക്കുന്നത്.വർണർ ആരിഫ് മുഹമ്മദ് ഖാന് പിന്തുണയുമായി വീണ്ടും ബിജെപി രം?ഗത്തെത്തി. സുപ്രീംകോടതിയിൽ തോറ്റതിന് തെരുവിൽ ഇറങ്ങിയിട്ട് കാര്യമില്ലെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ. സുരേന്ദ്രൻ പറഞ്ഞു. ഗവർണർക്കെതിരായ സമരം നനഞ്ഞ പടക്കമാവുമെന്നുറപ്പാണ്. സുപ്രീം കോടതിക്കെതിരെയാണോ തങ്ങളുടെ സമരം എന്നുകൂടി പറയാൻ മുഖ്യമന്ത്രിയും ഇടത് നേതാക്കളും തയ്യാറാകണം. വി.സി നിയമനവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ നാണംകെട്ടതിന്റെ ക്ഷീണം തീർക്കാനാണ് ഇടതുപക്ഷം ഗവർണർക്കെതിരെ തെരുവിൽ സമരം ചെയ്യുന്നതെന്നും അദ്ദേഹം പരിഹസിച്ചു.

ഗവർണർക്ക് എതിരായ ഇടത് സമരത്തെ പ്രതിരോധിക്കാനാണ് ബിജെപിയുടെ ശ്രമം. ഗവർണർക്കെതിരായ പരസ്യ പ്രതിഷേധത്തിനാണ് ഇടതുമുന്നണിയുടെ നീക്കം.





## പാർട്ടി ജനറൽ സെക്രട്ടറിയായി മൂന്നാമതും ഷി ജിൻപിങ്

**ബെയ്ജിങ്:** ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറിയായി ഷി ജിൻപിങ് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. തുടർച്ചയായ മൂന്നാം തവണയാണ് ഷി ജിൻപിങ് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ സർവാധികാരിയാകുന്നത്. പാർട്ടി കോൺഗ്രസ് സമാപിച്ചതിന് പിന്നാലെ ഞായറാഴ്ച ചേർന്ന ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ 205 അംഗ സെൻട്രൽ കമ്മിറ്റി പ്ലീനമാണ് ഷിയെ നേതാവായി തിരഞ്ഞെടുത്തത്. പാർട്ടി ജനറൽ സെക്രട്ടറിയാണ് ചൈനയുടെ പ്രസിഡന്റാവുക.

ലോകമില്ലാതെ ചൈനയ്ക്ക് വളരാനാകില്ലെന്നും ലോകത്തിന് ചൈനയെ ആവശ്യമുണ്ടെന്നും ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടതിന് പിന്നാലെ ഷി പ്രതികരിച്ചു. ജനങ്ങൾ അർപ്പിക്കുന്ന വിശ്വാസത്തിന് പാർട്ടി ആത്മാർഥമായി നന്ദി പറയാൻ ആഗ്രഹിക്കുന്നതായും കടമകൾ നിറവേറ്റുന്നതിൽ ജാഗ്രതയോടെ പ്രവർത്തിക്കുമെന്നും ഷി വ്യക്തമാക്കി.

ഷിയെ വീണ്ടും നേതാവായി തിരഞ്ഞെടുക്കുന്നതിനുള്ള പാർട്ടി ഭരണഘടനാ ഭേദഗതികൾ കഴിഞ്ഞ ദിവസം സമാപിച്ച 20-ാം ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി കോൺഗ്രസ് അംഗീകരിച്ചിരുന്നു. അഞ്ച് വർഷം വീതമുള്ള രണ്ട് ടേം പൂർത്തിയാകുമ്പോൾ സ്ഥാനം ഒഴിയണമെന്നാണ് മാവോയ്ക്ക് ശേഷം ചൈനയിലെ കീഴ്വഴക്കം. അധികാരത്തിൽ തുടരാൻ ഇതിൽ ഭേദഗതി വരുത്തിയാണ് ഷി വീണ്ടും ജനറൽ സെക്രട്ടറിയായത്.

വീണ്ടും തിരഞ്ഞെടുക്കപ്പെടുന്നതോടെ, മാവോ സേതുങ്ങിനുശേഷം രണ്ടുതവണയിലേറെ ചൈനയിൽ പാർട്ടിനേതൃത്വത്തിലെത്തുന്ന ആദ്യ നേതാവായി ഷി ജിൻപിങ്. 1943 മുതൽ 1976 വരെ പാർട്ടി സെക്രട്ടറിയായിരുന്ന മാവോ സേ തുങ്ങിന്റെ കാലത്ത് സർവാധികാരങ്ങളും കേന്ദ്രീകരിക്കപ്പെട്ടു എന്ന വിലയിരുത്തലിലാണ് പിന്നീട് പാർട്ടി നേതൃത്വത്തിൽ രണ്ടുതവണയിലേറെ ഒരാൾക്ക് അവസരം നൽകേണ്ടെന്ന് തീരുമാനിച്ചത്. ആ നിബന്ധന ഭേദഗതിചെയ്ത് വീണ്ടും അധികാരത്തിലെത്തിയതോടെ ചൈനയുടെ ചരിത്രത്തിലെ ഏറ്റവും കരുത്തരായ നേതാക്കളുടെ കൂട്ടത്തിലെത്തി ഷി.

2012-ൽ ആദ്യമായി ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ഷിയുടെ പത്തുവർഷ കാലാവധി ഈ സമ്മേളനത്തിൽ അവസാനിച്ചിരുന്നു. 2013-ൽ ചൈനീസ് പ്രസിഡന്റായ ഷി 2023-ൽ ഈ പദവിയിൽ പത്തുവർഷം തികയ്ക്കും. നിലവിലെ പ്രധാനമന്ത്രിയും സർക്കാരിലെ രണ്ടാമനുമായിരുന്ന ലി കെചിയാങ്, മുതിർന്ന നേതാവ് വാങ് യാങ് എന്നിവരെ കേന്ദ്ര കമ്മിറ്റിയിൽനിന്ന് കഴിഞ്ഞ ദിവസം ഒഴിവാക്കിയിരുന്നു. ഷി ജിൻപിങ് കേന്ദ്രകമ്മിറ്റിയിലുണ്ട്. ഇതോടെ പാർട്ടിയും ഭരണവും പൂർണമായും ഷിയുടെ കൈപ്പിടിയിലായി.


# ഏറ്റവും മികച്ച പോലീസാണിവിടെ, ഒറ്റപ്പെട്ട സംഭവങ്ങളിൽ താറടിക്കരുത്, കർശന നടപടി

തിരുവനന്തരപുരം: രാജ്യത്തെ ഏറ്റവും മികച്ച പൊലീസിങ് നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉയർത്തിക്കാട്ടി പോലീസിനെ താറടിക്കാൻ ശ്രമിക്കരുതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഫെയ്സ്ബുക്കിലൂടെയായിരുന്നു പ്രതികരണം.

എൽഡിഎഫ് സർക്കാരിന്റെ വ്യത്യസ്തവും ജനകീയവുമായ പൊലീസിങ് നയത്തിന്റെ ഭാഗമായാണ് ഈ നേട്ടം. ഈ നയങ്ങളെയും ഖ്യാതിയെയും അട്ടിമറിക്കാൻ നടക്കുന്ന ഒറ്റപ്പെട്ട ചില ശ്രമങ്ങളെ അംഗീകരിക്കാനോ സേനയ്ക്കകത്തെ ഒറ്റപ്പെട്ട തെറ്റായ വാസനകളെ അനുവദിച്ചു കൊടുക്കുവാനോ സർക്കാർ തയ്യാറല്ലെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.


'സംസ്ഥാനത്ത് കഴിഞ്ഞ ആറു വർഷക്കാലത്തിനിടയിൽ ക്രിമിനൽ കേസുകളുടെ കാര്യത്തിൽ വലിയ കുറവാണ് ഉണ്ടായത്. മികച്ച ക്രമസമാധാനം പുലരുന്ന സംസ്ഥാനമായി കേരളം മാറിയത് ഇച്ഛാശക്തിയോടെയുള്ള സർക്കാരിന്റെ ഇടപെടൽ കൊണ്ടാണ്. കുറ്റാന്വേഷണ മികവിൽ കേരളാപോലീസ് രാജ്യത്ത് ഒന്നാമതാണ്. കാര്യക്ഷമതയുടെ കാര്യത്തിലും ബഹുദൂരം മുന്നിലാണ്.

വർഗീയധ്രുവീകരണ ശ്രമങ്ങൾ നടന്നപ്പോഴൊക്കെയും മതനിരപേക്ഷതയുയർത്തിപ്പിടിച്ചുകൊണ്ട് ഇടപെടാൻ പൊലീസിന് കഴിഞ്ഞു. ദുരന്തനിവാരണ-രക്ഷാപ്രവർത്തന രംഗത്തും പൊലീസ് ജനങ്ങളോട് കൈകോർത്തു. നേട്ടങ്ങളുടെ വലിയ പട്ടികയുള്ളപ്പോഴും പൊലീസിന്റെ യശസ്സിന് ചേരാത്ത ചില സംഭവങ്ങൾ ഉണ്ടാകുന്നു എന്നത് ഗൗരവതരമായ വിഷയമാണ്. അത്തരം ഒറ്റപ്പെട്ട കൃത്യങ്ങളിലേർപ്പെടുന്നവർ കേരള പൊലീസിന് അവമതിപ്പുണ്ടാക്കുകയാണ്.



അവരോട് ഒരു ദാക്ഷിണ്യവും കാണിക്കില്ല. കുറ്റമറ്റ അന്വേഷണം ഉറപ്പാക്കും. കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്ക് സേനയിൽ സ്ഥാനമുണ്ടാകില്ല. പരമാവധി ശിക്ഷണ നടപടികളുണ്ടാവും. മികച്ച റെക്കോർഡുള്ള കേരള പൊലീസിനെ പൊതുജന മധ്യത്തിൽ തരംതാഴ്ത്തുന്ന ഏത് നീക്കങ്ങളെയും കർക്കശമായി നേരിടും. ജനകീയ മുഖവും സ്വഭാവവുമാണ് പൊലീസിന് വേണ്ടത്. അതിനെ അപകീർത്തിപ്പെടുത്തുന്ന ശ്രമങ്ങളെ വെച്ചുപൊറുപ്പിക്കില്ല. അതിന് മുതിരുന്നവർക്കെതിരെ കർശന നടപടി എടുക്കും.

ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ പൊലീസിനെ ലേബൽ ചെയ്യുന്നതിനോട് യോജിക്കാനാവില്ല. അത്തരം ലേബലിങ്ങിന് പ്രത്യക്ഷമായോ പരോക്ഷമായോ കാരണമാകുന്ന ചെയ്തികളിലേർപ്പെടുന്ന പൊലീസുകാരോട് ഒരു തരത്തിലുള്ള അനുഭാവവും സർക്കാരിൽ നിന്ന് പ്രതീക്ഷിക്കുകയും വേണ്ട' മുഖ്യമന്ത്രി പറഞ്ഞു.





## അതിജീവന സമരമാണ്; വിജയിക്കുന്നത് വരെ തുടരും: പള്ളികളിൽ സർക്കുലർ വായിച്ച് ലത്തീൻ അതിരൂപത

**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖ വിരുദ്ധ സമരം ശക്തിപ്പെടുത്തുന്നതിന്റെ ഭാ?ഗമായി പള്ളികളിൽ സർക്കുലർ വായിച്ചു. സമരത്തിന് സഹകരണം തേടിയുള്ള ആർച്ച് ബിഷപ്പ് തോമസ് ജെ.നെറ്റോയുടെ സർക്കുലറാണ് എല്ലാ പള്ളികളിലും വായിച്ചത്. അതിജീവന സമരമാണ്, വിജയിക്കുന്നത് വരെ തുടരുമെന്നും സർക്കുലറിൽ പറയുന്നു.

സമരത്തിന്റെ നൂറാം ദിവസമായ വ്യാഴാഴ്ച, മുതലപ്പൊഴിയിൽ കരയിലും കടലിലും സമരം നടത്താനാണ് തീരുമാനം. ഒപ്പം വിഴിഞ്ഞം മുല്ലൂരിൽ വൻ ജനപങ്കാളിത്തത്തോടെ ഉപരോധസമരം ശക്തമാക്കും. ഏഴ് ആവശ്യങ്ങളും അംഗീകരിക്കും വരെ പ്രക്ഷോഭം തുടരുമെന്ന് സമരസമിതി വ്യക്തമാക്കി. സമരസമിതിയുമായി തത്കാലം ചർച്ചകൾ വേണ്ടെന്ന നിലപാടിലാണ് സർക്കാർ, സമരസമിതി നിലപാട് നിരന്തരം മാറ്റിക്കൊണ്ടിരിക്കുന്നെന്നാണ് സർക്കാർ

## പോര് തെരുവിലേക്ക്; ഗവർണർക്കെതിരായ രാജ്ഭവന് മുന്നിലെ സമരത്തിൽ മുഖ്യമന്ത്രി പങ്കെടുക്കും, സ്വപ്ന പറഞ്ഞതിനോട് പ്രതികരിക്കാനില്ലെന്ന് എം വി ഗോവിന്ദൻ



**തിരുവനന്തപുരം:** ഗവർണർ ആരിഫ് മുഹമ്മദ് ഖാനെതിരെ സംസ്ഥാന വ്യാപക പ്രതിഷേധത്തിന് എൽഡിഎഫ് തീരുമാനമായി. അടുത്തമാസം 15ന് സംസ്ഥാനത്ത് രാജ്ഭവനിലും വിവിധ ജില്ലാ കേന്ദ്രങ്ങളിലും പ്രതിഷേധ പരിപാടികൾ നടക്കും.

രാജ്ഭവന് മുന്നിൽ നടക്കുന്ന പ്രതിഷേധ കൂട്ടായ്മയിൽ മുഖ്യമന്ത്രി പിണറായി വിജയനും പങ്കെടുക്കുമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ അറിയിച്ചു. ഇതോടെ ഏറെനാളായി വാക്കുകളിലൂടെ നടക്കുന്ന ഗവർണർ-സർക്കാർ പോര് തെരുവിലേക്ക് എത്തുകയാണ്.

സംസ്ഥാനത്തെ വിവിധ ജില്ലാ കേന്ദ്രങ്ങളിലും പ്രതിഷേധ പരിപാടികൾ നടക്കും. സർവകലാശാലകളിലെ നിയമന വിഷയത്തിലും മന്ത്രിമാരുടെ അഭിപ്രായ പ്രകടനത്തിലും കടുത്ത എതിർപ്പ് ഗവർണർ പ്രകടിപ്പിച്ചതോടെയാണ് സർക്കാരുമായി ഗവർണറുടെ പോര് തുടങ്ങിയത്. മുൻ മന്ത്രിമാരടക്കം സിപിഎം നേതാക്കൾക്കെതിരായ സ്വപ്നയുടെ ആരോപപണങ്ങളോട് പ്രതികരിക്കാനില്ലെന്ന് എം.വി ഗോവിന്ദൻ അറിയിച്ചു. അപവാദ പ്രചാരണങ്ങൾ തുടർക്കഥയാണെന്നും എപ്പോഴും പ്രതികരിക്കേണ്ട ബാദ്ധ്യതയില്ലെന്നും അദ്ദേഹം പറഞ്ഞു. സ്വപ്നയുടെ ആരോപണങ്ങൾക്ക് പിന്നിൽ പ്രതിപക്ഷമാണെന്നും എം വി ഗോവിന്ദൻ അഭിപ്രായപ്പെട്ടു. യഥാർത്ഥ പ്രശ്നമായ സ്വർണക്കടത്ത് കേസിൽ നിന്നും വഴിതിരിച്ചുവിടാനാണ് ഈ ആരോപണങ്ങളെന്നും അദ്ദേഹം മാദ്ധ്യമങ്ങളോട് പ്രതികരിച്ചു.



# ഇന്ന് ദീപാവലി

ഇന്ന് ദീപാവലി. ഇന്ത്യയിലെ ഏറ്റവും വലിയ ആഘോഷങ്ങളിൽ ഒന്നായ ദീപാവലി ദീപങ്ങളുടെ ഉത്സവം എന്നാണ് അറിയപ്പെടുന്നത്. തിൻമയ്ക്ക് മേൽ നൻമ നേടിയ വിജയത്തെ ദീപാവലിയായി ആഘോഷിക്കുന്നു. മനുഷ്യമനസ്സുകളിലെ അന്ധകാരത്തെ ... അജ്ഞതയിൽ നിന്ന് ജ്ഞാനപ്രകാശത്തിലേക്ക്,അധർമ്മത്തിൽ നിന്ന് ധർമ്മത്തിലേക്ക് എന്നതിന്റെയൊക്കെ പ്രതീകമാണ് സന്ധ്യാദീപങ്ങൾ. അതുകൊണ്ടുതന്നെയാണ് ഇത് ദീപങ്ങളുടെ ഉത്സവമെന്ന് വിശേഷിപ്പിക്കപ്പെടുന്നതും. അശ്വനി മാസത്തിലെ കൃഷ്ണപക്ഷ (കറുത്തവാവിലെ)ചതുർദ്ദശിയാണ് ദീപാവലിയായി ഭാരതത്തിലാഘോഷിക്കുന്നത്. മലയാളത്തിലത് തുലാമാസത്തിലാഘോഷിക്കുന്നു. പടക്കം പൊട്ടിച്ചും, ദീപം തെളിച്ചും, മധുരം നൽകിയും ദീപാവലി ആഘോഷത്തിന്റെ നിറവിലാകുന്ന നാടും നഗരവും.


എല്ലാ വായനക്കാർക്കും'' കേരളപ്രണാമം കുടുംബത്തിന്റെ 'ദീപാവലി ആശംസകൾ ''



*ദീപാവലിയുടെ തലേന്ന് അയോധ്യയിലെത്തിയ പ്രധാനമന്ത്രി മോദി....*

## ആശാൻ

ഒൻപത് സർവകലാശാലകളിലെയും വി.സിമാർ രാജിവെക്കാൻ നിർദേശം; അത്യപൂർവ നടപടിയുമായി ഗവർണർ.



രണ്ടുംകല്പിച്ചാണല്ലേ?

## വിദേശ സംഭാവനകളിൽ ക്രമക്കേട് കണ്ടെത്തി; നെഹ്റു കുടുംബവുമായി ബന്ധമുള്ള രണ്ട് സംഘടനകളുടെ ലൈസൻസ് റദ്ദാക്കി കേന്ദ്രം

**ന്യൂഡൽഹി:** മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ പേരിലുള്ള രാജീവ് ഗാന്ധി ഫൗണ്ടേഷൻ(ആർജിഎഫ്), രാജീവ് ഗാന്ധി ചാരിറ്റബിൾ ട്രസ്റ്റ്(ആർജിസിറ്റി) എന്നിവയുടെ ലൈസൻസ് റദ്ദാക്കി കേന്ദ്ര സർക്കാർ.

നെഹ്രു കുടുംബവുമായി ബന്ധമുള്ള ഈ സംഘടനകൾ വിദേശഫണ്ട് സ്വീകരിക്കുന്നതിൽ ക്രമക്കേട് വരുത്തിയതായി കണ്ടെത്തിയതിനെ തുടർന്നാണിത്. ഇതുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ സിബിഐയ്ക്ക് കൈമാറുമെന്നാണ് സൂചന.

കോൺഗ്രസ് മുൻ പ്രസിഡന്റ് സോണിയാ ഗാന്ധിയാണ് ആർജിഎഫിനെ നയിക്കുന്നത്. മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗ്, രാഹുൽ ഗാന്ധി, പ്രിയങ്കാ ഗാന്ധി, മുൻ ധനമന്ത്രി പി.ചിദംബരം എന്നിവരാണ് സംഘടനയിൽ അംഗങ്ങൾ. ആർജിസിറ്റിയും നയിക്കുന്നത് സോണിയാ ഗാന്ധിയാണ്. രാഹുൽ ഗാന്ധി, മുൻ രാജ്യസഭാംഗം ഡോ. അശോക് എസ്.ഗാംഗുലി എന്നിവരാണ് അംഗങ്ങൾ.




2020ൽ ഈ സംഘടനകൾക്കെതിരെ മന്ത്രിതല സമിതി അന്വേഷണം നടത്തിയിരുന്നു. ഇതിൽ ക്രമക്കേട് ശ്രദ്ധയിൽ പെട്ടതോടെയാണ് സമിതി നടപടിയ്ക്ക് ശുപാർശ ചെയ്തത്. രാജ്യത്തെ അധസ്ഥിത വിഭാഗ ജനങ്ങളുടെ ഉന്നമനത്തിനായാണ് 2002ൽ ആർജിസിടി സ്ഥാപിച്ചത്. ഇഡി, ആഭ്യന്തര-ധനകാര്യ മന്ത്രാലയ ഉദ്യോഗസ്ഥർ, സിബിഐ, എന്നിവരടങ്ങിയ സംഘമാണ് ട്രസ്റ്റുകളെക്കുറിച്ച് അന്വേഷണം നടത്തിയത്.

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ



മഹാത്മാ ഗാന്ധി

## ശബരി റയിൽപാത എന്താകും ?

ചെങ്ങന്നൂർ-പമ്പ ആകാശപാത എന്ന പുതിയ പദ്ധതിയു-ടെ മറവിൽ വർഷങ്ങൾക്കു മുമ്പ് തീരുമാനമായ ശബരി റെയിൽവേ പാത ഉപേക്ഷിക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം ശബരിമല ക്ഷേത്രത്തി-നോട് കാണിക്കുന്ന അനാദരവായിട്ട് മാത്രമേ കേരള ജനത കാണുകയുള്ളൂ.

യു.പി.എ. സർക്കാരി-ന്റെ കാലത്ത് കെ.സി.-വേണു-ഗോപാലും എ.-കെ.ആന്റണിയും ഉൾപ്പെടെ എട്ടു കേന്ദ്രമന്ത്രിമാർ കേരളത്തിൽ നിന്നും ഉണ്ടായിട്ടു പോലും ശബരി റെയിൽവേ നടപ്പിലാക്കുന്നതി-നോ ശബരിമല ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുന്നതി-നോ കേന്ദ്ര വി-നോദസഞ്ചാര വകുപ്പിൽ നിന്ന് സഹായം നേടി-യെടുക്കുന്നതി-നോ കഴിഞ്ഞില്ല. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശബരിമലയു-ടെയും സ്ത്രീ പ്രവേശനത്തി-ന്റെയും പേര് പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് വോട്ട് വാങ്ങി ജയിച്ച 19 എം.പിമാർ പാർലമെന്റിൽ പോയിട്ട് ശബരിമലയ്ക്കു വേണ്ടി ഒരക്ഷരം പോലും മിണ്ടിയിട്ടില്ല എന്നതും ശ്രദ്ധി-ക്കേണ്ടതാണ്.

എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നപ്പോൾ മുഖ്യമന്ത്രി പിണറായി വിജയൻ ഒരു വർഷത്തിനിടയിൽ രണ്ടു പ്രാവശ്യം ശബരിമല സന്ദർശിച്ചിരുന്നു. ഒപ്പം എട്ടു മന്ത്രിമാരും ഉദ്യോഗസ്ഥ മേധാവികളും ഉണ്ടായിരുന്നു. പമ്പ മുതൽ ശബരിമല വരെയുള്ള പരിസരപ്രദേശങ്ങളിൽ വേണ്ടുന്ന വികസന പ്രവർത്തനങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതിന് അത് ഗുണകരമായി. അന്നത്തെ സന്ദർശനത്തിൽ പ്രധാനമായി ഉയർന്ന മൂന്നു കാര്യങ്ങളായിരുന്നു ശബരി റെയിൽവേയും ശബരിമല വിമാനത്താവളവും ശബരിമല അന്നദാന മണ്ഡപവും. ഇരുപത്തിയഞ്ച് കോടി-യോളം രൂപ ചെലവഴിച്ച് ഒരു സമയം അമ്പതിനായിരം പേർക്ക് ആഹാരം കഴിക്കാവുന്ന ഏഷ്യയി-ലെ ഏറ്റവും വലിയ അന്നദാന മണ്ഡപം സംസ്ഥാന സർക്കാർ പൂർത്തീകരിച്ച് ശബരിമലയ്ക്ക് സമർപ്പിച്ചു കഴിഞ്ഞു.

ശബരി റെയിൽവേയും ചെറുവള്ളി ശബരിമല വിമാനത്താവളവും പൂർത്തീകരിക്കുന്നതിനു വേണ്ടി മുഖ്യമന്ത്രി പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. അതിൽ ശബരി റെയിൽവേക്കു വേണ്ടി ചെലവാകുന്ന തുകയു-ടെ പകുതി തുക സംസ്ഥാന സർക്കാർ വഹിക്കാ-മെന്ന് പ്രധാനമന്ത്രി, കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് എന്നിവർക്ക് സംസ്ഥാന സർക്കാർ ഉറപ്പു കൊടുത്ത് തീരുമാനം ഉണ്ടായതാണ്. ഒപ്പം ശബരി റെയിൽവേ പൂർത്തീകരിക്കുന്നതിനു വേണ്ടി സംസ്ഥാന ബജറ്റിൽ രണ്ടായിരം കോടി രൂപ ഉൾപ്പെടുത്തുകയും ചെയ്തു. അതേ സമയം കേന്ദ്രസർക്കാർ ആയിരം രൂപ മാത്രമാണ് ബജറ്റിൽ ഉൾപ്പെടുത്താൻ തയ്യാറായത്. വിശ്വാസികളു-ടെ പേര് പറഞ്ഞു പ്രവർത്തിക്കുന്ന കേന്ദ്രസർക്കാരി-ന്റെ ഇരട്ടത്താപ്പ് നയം ഇത്തരം നടപടികളിൽ നിന്നു വ്യക്തമാണ്.

അങ്കമാലി മുതൽ എരു-മേലി വരെ 111 കി-ലോമീറ്റർ ദൂരവും അങ്കമാലി, കാലടി പെരുമ്പാവൂർ, മൂവാറ്റുപുഴ, തൊടുപുഴ, എരു-മേലി ഉൾപ്പെടെ 14 റെയിൽവേ സ്റ്റേഷനുകളാണ് ശബരി റെയിൽവേയിൽ ഉൾപ്പെടുത്തിയിരുന്നത്. അതിൽ അങ്കമാലി മുതൽ കാലടി വരെ ഏഴു കി-ലോമീറ്റർ പാത നിർമ്മിച്ചു കഴിഞ്ഞു. ഇതിനായി 264 കോടി രൂപയോളം ചെലവഴിച്ചതായിട്ടാണ് കണക്ക്. പെരിയാർ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് മേൽപ്പാലവും തീരുമാനിച്ചിരുന്നു. ശബരി റെയിൽവേ പ്രഖ്യാപന സമയത്ത് 517 കോടി രൂപയു-ടെ എസ്റ്റി-മേറ്റ് തുകയായിരുന്നു പറഞ്ഞിരുന്നത്. ഇപ്പോൾ അത് 3347.35 കോടി രൂപയായി കണക്കാക്കുന്നു. കേരളത്തി-ലേയും അയൽ സംസ്ഥാനങ്ങളി-ലേയും സ്വാമി ഭക്തന്മാരു-ടെ ശബരിമല തീർഥാടനത്തിന് എളുപ്പമാർഗമാണ് ശബരി റെയിൽവേ. എരു-മേലിയിൽ നിന്ന് പുനലൂരി-ലേക്കും അതുവഴി തമിഴ്നാട്ടി-ലേക്കും റെയിൽവേ നീട്ടി കൂടുതൽ സൗകര്യങ്ങൾ വർധിപ്പിക്കുവാനും കഴിയും.

2018ലെ പ്രളയത്തിൽ നിലയ്ക്കൽ-പമ്പ റോഡ്ഗതാഗതം തകരാറിലായപ്പോൾ ശബരിമല ദർശനത്തിനു വന്ന ഭക്തജനങ്ങളു-ടെ ബുദ്ധിമുട്ടുകൾ കണ്ടതാണ്. 1997-98 ലെ റെയിൽവേ ബജറ്റി-ലെ പ്രഖ്യാപനങ്ങൾ ഉപേക്ഷിച്ചിട്ടാണ് ചെങ്ങന്നൂർ-പമ്പ ആകാശപാത നിർമിക്കു-മെന്ന് കേന്ദ്രസർക്കാർ ഇപ്പോൾ പറയുന്നത്. വർഷങ്ങൾക്കു മുമ്പ് പത്തനംതിട്ട മുതൽ ശബരിമല വരെയുള്ള വികസന പ്രവർത്തനങ്ങൾക്ക് 365 കോടി രൂപയു-ടെ സഹായം ഉൾപ്പെടുത്തി പമ്പ ആക്ഷൻ പ്ലാൻ എന്നൊരു പദ്ധതി കേന്ദ്രം കൊണ്ടുവന്നിരുന്നു. കാലാന്തരത്തിൽ പമ്പ ആക്ഷൻ പ്ലാനും ഉപേക്ഷിക്കപ്പെട്ട സ്ഥിതിയാണ്.

കേരളത്തിൽ നിന്നുള്ള എം.പിമാർ രാഷ്ട്രീയ ഭിന്നതകളില്ലാ-തെ എല്ലാം മറന്ന് ശബരി റെയിൽവേ പൂർത്തീകരിക്കുന്നതിന് പാർലമെന്റിൽ സമ്മർദ്ദം ചെലു-ത്തേണ്ടതുണ്ട്. സംസ്ഥാന സർക്കാരി-ന്റെ വികസന നടപടികളെ സഹായിക്കുന്ന തരത്തിലുള്ള സമീപനം കേന്ദ്രതലത്തിൽ സ്വീകരി-ക്കേണ്ടതി-ന്റെ പ്രാധാന്യം മനസിലാക്കി ഇടപെടലുകൾ നടത്താൻ എം.പിമാർ തയ്യാറാകണം.



# തീരമേഖലയിൽ കടൽജീവികൾ; സംരക്ഷണത്തിന് മൊബൈൽ ആപ്പ് വരുന്നു


കൊല്ലം: ഇന്ത്യൻ തീരങ്ങളിലെ കടൽജീവികളുടെ സുരക്ഷയ്ക്കായി വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയും (ഡബ്ല്യു.ടി.ഐ.) വനം വകുപ്പും കൈകോർക്കുന്നു. സോഫ്റ്റ്‌വേർ നിർമാണക്കമ്പനിയായ ഒറാക്കിളിന്റെ സഹായത്തോടെയാണ് പദ്ധതി തയ്യാറാക്കുന്നത്.


തിമിംഗിലം, തിമിംഗിലസ്രാവുകൾ, ഡോൾഫിൻ, കടലാമകൾ തുടങ്ങിയ ജീവികളെ പരിക്കേറ്റനിലയിൽ തീരമേഖലയിൽ കാണുന്നുണ്ട്. ഇവയെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കാൻ വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ 'വെയിൽ ഷാർക്ക് റെസ്ക്യൂ ആപ്ലിക്കേഷൻ' തയ്യാറാക്കിയിട്ടുണ്ട്. പരിക്കേറ്റ ജീവികളെ രക്ഷപ്പെടുത്തുന്നത് മിക്കപ്പോഴും മത്സ്യത്തൊഴിലാളികളാണ്. ഇവർക്ക് എളുപ്പത്തിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യാൻ കഴിയുന്നതും ഓഫ്‌ലൈനിലും ഉപയോഗിക്കാവുന്നതുമാണ് ഈ ആപ്ലിക്കേഷൻ.

രക്ഷപ്പെടുത്തുന്ന ജീവികളുടെ ഫോട്ടോകൾ, വീഡിയോകൾ എന്നിവ അപ്‌ലോഡ് ചെയ്യാം. തിമിംഗിലങ്ങളെയോ കടലാമകളെയോ കണ്ടാൽ ഇവയുടെ വിവരങ്ങളും ചേർക്കാം. കടൽജീവികളുടെ നീളം, രക്ഷപ്പെടുത്തിയ സ്ഥലം, ആരോഗ്യം, മുറിവുകൾ തുടങ്ങിയ വിവരങ്ങൾ ക്രോഡീകരിക്കുന്നത് വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയാണ്. വിവരശേഖരം വനംവകുപ്പിന് പിന്നീട് കൈമാറും. കേരളതീരത്ത് കാണുന്നതും കരയ്ക്കടിയുന്നതുമായ വലിയ കടൽജീവികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ എളുപ്പത്തിൽ ശേഖരിക്കാനും ഏതു പ്രദേശത്താണ് അപകടങ്ങളേറെയുണ്ടാകുന്നതെന്ന് കണ്ടെത്താനുമാകും. അപകടസ്ഥലങ്ങൾ കേന്ദ്രീകരിച്ച് കൂടുതൽ ബോധവത്കരണ പരിപാടികൾ നടത്താൻ ആലോചിക്കുന്നതായി ഡബ്ല്യു.ടി.ഐ. മറൈൻ സയന്റിസ്റ്റ് സാജൻ ജോൺ അറിയിച്ചു.

വലയിൽ കുടുങ്ങുന്ന തിമിംഗിലസ്രാവിനെ വലമുറിച്ച് രക്ഷപ്പെടുത്തുമ്പോൾ, മത്സ്യത്തൊഴിലാളികൾക്ക് ദൃശ്യങ്ങൾ റെക്കോഡ് ചെയ്യാനും ഈ ആപ്ലിക്കേഷൻ ഉപയോഗിക്കാം. വല നശിക്കുന്നതുമൂലം അവർക്കുണ്ടാകുന്ന നഷ്ടം നികത്താനും ലക്ഷ്യമിടുന്നുണ്ട്.

സൂക്ഷ്മമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഭക്ഷിച്ചും കപ്പലുകളും ബോട്ടുകളും മറ്റും തട്ടിയും മത്സ്യബന്ധനവലകളിൽ കുടുങ്ങിയുമാണ് കടൽജീവികൾക്ക് പരിക്കേൽക്കുന്നത്. വന്യജീവിസംരക്ഷണനിയമപ്രകാരം പ്രത്യേക പരിരക്ഷയർഹിക്കുന്ന ജീവികൾ നാവികാഭ്യാസങ്ങൾ, മലിനീകരണം, കടലിലെ എണ്ണപര്യവേഷണം എന്നിവയാലും ചത്തടിയുന്നുണ്ട്. അപകടംപറ്റി കരയ്ക്കടിയുന്ന കടൽജീവികൾക്കുവേണ്ട ശുശ്രൂഷയെക്കുറിച്ച് വൈൽഡ് ട്രസ്റ്റ് ഓഫ് ഇന്ത്യയും മൃഗസംരക്ഷണവകുപ്പും വനംവകുപ്പും മൃഗഡോക്ടർമാർക്ക് പരിശീലനം നൽകിയിരുന്നു.





# തിരിച്ചടികൾ ഞങ്ങളെ ശക്തരാക്കും' ; മെഴുകുതിരികൾ തെളിച്ച് തളരാതെ യുക്രൈൻ ജനത

**കീവ് (യുക്രൈൻ):** റഷ്യൻ ആക്രമണത്തെത്തുടർന്ന് വൈദ്യുതി വിതരണം വ്യാപകമായി തടസപ്പെട്ടിട്ടും തളരാതെ യുക്രൈൻ ജനത. തലസ്ഥാനമായ കീവിലെ റെസ്റ്റോറന്റുകളിൽ മെഴുകുതിരി വെളിച്ചത്തിൽ ഭക്ഷണം കഴിച്ച് സുഹൃത്തുക്കളും ബന്ധുക്കളുമായി അവർ പരസ്പരം സൗഹൃദം പങ്കിട്ടു. 'നോക്കൂ മെഴുകുതിരി വെളിച്ചത്തിൽ ഞങ്ങളുടെ കുട്ടികൾ ഓടി നടക്കുന്നു,. മുതിർന്നവർ പരസ്പരം തമാശ പറഞ്ഞു ചിരിക്കുന്നു. ഒരു യുദ്ധത്തിനും ഞങ്ങളെ തോൽപ്പിക്കാനാവില്ല, ഏതു പ്രതിസന്ധിയേയും തരണം ചെയ്യും'- ഭക്ഷണം കഴിക്കാനെത്തിയവർ പറഞ്ഞു.

റഷ്യൻ വ്യോമാക്രമണം യുക്രൈനിൽ രൂക്ഷമായ വൈദ്യുതി തടസ്സമാണ് സൃഷ്ടിച്ചത്. വൈദ്യുതി നിലയങ്ങൾ വ്യോമാക്രമണത്തിൽ തകർന്നു. അതിനിടെ കീവിലെ ഒരു ഭക്ഷണശാല സംഘടിപ്പിച്ച പ്രതിഷേധമാണ് ലോകശ്രദ്ധ നേടിയത്. വൈദ്യുതി മുടങ്ങിയപ്പോൾ മേശകളിലെല്ലാം മെഴുകുതിരി തെളിച്ച് അവർ ഭക്ഷണം വിളമ്പി. മെഴുകുതിരിയുടെ വെളിച്ചത്തിൽ ജനങ്ങൾ ഭക്ഷണം ആസ്വദിച്ചു. റഷ്യ നൽകുന്ന ഓരോ തിരിച്ചടിയും തങ്ങളെ കൂടുതൽ ശക്തരാക്കുകയാണെന്ന് അവർ പറഞ്ഞു.

റഷ്യൻ വ്യോമാക്രമണങ്ങളിൽ യുക്രൈനിലെ 30 ശതമാനത്തോളം വൈദ്യുതി നിലയങ്ങളും തകരാറിലായി. അതോടെ വൈദ്യുതി ക്ഷാമം രൂക്ഷമായി. മണിക്കൂറുകളോളം വൈദ്യുതി മുടങ്ങി. ഇലക്ട്രിക് വാഹനങ്ങളെല്ലാം സർവീസ് നിർത്തി വെച്ചു. രാജ്യം ഇരുട്ടിലായതോടെ വ്യാപാര സ്ഥാപനങ്ങളും ഭക്ഷണശാലകളുമെല്ലാം അടച്ചിടേണ്ട സാഹചര്യത്തിലാണ് വേറിട്ട പ്രതിഷേധം.

# കേരളത്തിന്റെ വന്ദേ ഭാരത് ഇവിടെ തയ്യാറെടുക്കുന്നു, മോദിയുടെ സ്വപ്നം സാക്ഷാത്കരിക്കാൻ ചെന്നൈയിലെ ഫാക്ടറിയിൽ ജോലി ചെയ്യുന്നത് 9,086 തൊഴിലാളികൾ

ചെന്നൈ: വൻ മാറ്റത്തിന് തയ്യാറെടുക്കുന്ന കാലഘട്ടത്തിലൂടെയാണ് ഇന്ത്യൻ റെയിൽവേ കടന്ന് പോകുന്നത്. ഒരു കാലത്ത് നഷ്ടത്തിലേക്ക് കൂപ്പ് കുത്തിയ പൊതുമേഖലാ സ്ഥാപനം ഇന്ന് ഉയർത്തെഴുന്നേൽപ്പിന്റെ പാതയിലാണ്.രാജ്യത്ത് ഏറ്റവും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്ന രാജ്യത്തിന്റെ ജീവനാഡിയായ റെയിൽവേയുടെ മുഖം മാറ്റുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നത് സെമി ഹൈസ്പീഡ് ട്രെയിനായ വന്ദേ ഭാരത് എക്സ്പ്രസാണ്. തദ്ദേശീയമായി രൂപകൽപ്പന ചെയ്തിറക്കുന്ന വന്ദേ ഭാരത് നിലവിൽ നാലെണ്ണമാണ് രാജ്യത്ത് സർവീസ് നടത്തുന്നത്. ചെന്നൈയിലെ ഇന്റഗ്രൽ കോച്ച് ഫാക്ടറിയിലാണ് (ഐസിഎഫ്) വന്ദേ ഭാരത് എക്പ്രസ് ജന്മമെടുക്കുന്നത്. ചെന്നൈയിലെ വ്യാവസായിക കേന്ദ്രമായ പെരമ്പൂരിലാണ് കോച്ച് നിർമ്മാണ ഫാക്ടറി സ്ഥിതിചെയ്യുന്നത്. വന്ദേ ഭാരത് എക്സ്പ്രസിന്റേതുൾപ്പടെ പ്രതിവർഷം 4,000 കോച്ചുകൾ ഇവിടെ നിർമ്മിക്കുന്നു.

2023 ഓഗസ്റ്റ് 15 നകം 75 വന്ദേ ഭാരത് ട്രെയിനുകൾ രാജ്യത്ത് തലങ്ങും വിലങ്ങും ഓടണമെന്ന വാശിയിലാണ് കേന്ദ്ര റെയിൽവേ മന്ത്രാലയം. ഇതിനായുള്ള നിർദ്ദേശം നൽകിയത് പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ്. ഈ സമയപരിധിക്കുള്ളിൽ ഇത്രയും ട്രെയിനുകൾക്ക് ആവശ്യമായ ബോഗികൾ നിർമ്മിക്കുക എന്ന ഭാരിച്ച ചുമതലയാണ് പെരമ്പൂർ കോച്ച് നിർമ്മാണ ഫാക്ടറിക്കുള്ളത്. ഇതിനായി 24മണിക്കൂറും ഇവിടെ ഫാക്ടറികൾ സജീവമാണ്. 2018ലാണ് ഇവിടെ നിന്നും ആദ്യത്തെ വന്ദേ ഭാരത് ട്രെയിൻ പുറത്തിറങ്ങിയത്. പിന്നീട് ഒന്നിന് പുറകേ ഒന്നായി മൂന്നെണ്ണം കൂടി ഇറങ്ങി. ന്യൂഡൽഹി-വാരണാസി, ന്യൂഡൽഹി-കത്ര, ഗാന്ധിനഗർ- മുംബയ്, ഉനയിൽ-ന്യൂഡൽഹി എന്നീ റൂട്ടുകളിലാണ് നാല് വന്ദേ ഭാരത് എക്സ്പ്രസുകൾ ഇപ്പോൾ സർവീസ് നടത്തുന്നത്. ആദ്യകാലത്ത് ട്രെയിൻ 18 എന്നപേരായിരുന്നു നൽകിയിരുന്നത്. അടുത്ത വർഷം മുതൽ പ്രതിമാസം മൂന്ന് മുതൽ നാല് ട്രെയിൻ വരെ പുറത്തിറക്കാനാവുമെന്ന് ഒരു ദേശീയ മാദ്ധ്യമത്തിനോട് റെയിൽവേ ഉദ്യോഗസ്ഥൻ വെളിപ്പെടുത്തി.

ഒരു ട്രയിനിന്റെ ഫ്രെയിം തയ്യാറാക്കിയ ശേഷമാണ് ബോഗിയുടെ ബോഡി നിർമ്മാണത്തിലേക്ക് കടക്കുന്നത്. ഇതിനെല്ലാമായി എട്ട് ആഴ്ചയിൽ കൂടുതൽ കഠിനമായ ജോലി ആവശ്യമാണ്. അണ്ടർഫ്രെയിമിലാണ് ബാറ്ററി ബോക്സുകൾ, ബയോ ടോയ്‌ലറ്റ് ടാങ്കുകൾ തുടങ്ങിയവ ഘടിപ്പിക്കുന്നത്. രാജ്യത്തെ വിവിധ ഭാഗങ്ങളിലാണ് വന്ദേ ഭാരതിന് ആവശ്യമുള്ള പാർട്സുകൾ നിർമ്മിക്കുന്നത്. പിന്നീട് ഇവ ചെന്നൈയിൽ എത്തിച്ച് കൂട്ടിയോജിപ്പിക്കുന്നു. ഒരു ട്രെയിനിന്റെ പെയിന്റിംഗിന് മാത്രം അഞ്ച് മുതൽ ഏഴ് ദിവസം വരെ എടുക്കും. ഇതിന് ശേഷമാണ് ഫർണിഷിംഗ് ഫാക്ടറിയലേക്ക് കൊണ്ടുവരുന്നത്. ഇവിടെ വച്ച് ഫ്ളോറിങ്ങ് ഉൾപ്പെടെയുള്ള എല്ലാ ഫർണിഷിംഗുകളും നടത്തും. ഇതിനായുള്ള വസ്തുക്കൾ മദ്ധ്യപ്രദേശിൽ നിന്നും മഹാരാഷ്ട്രയിൽ നിന്നുമാണ് എത്തുന്നത്.

വന്ദേ ഭാരത് ട്രെയിനിന്റെ നിർമ്മാണത്തിൽ ഉപയോഗിക്കുന്ന 80-85 ശതമാനം ഘടകങ്ങളും തദ്ദേശീയമായി നിർമ്മിക്കപ്പെട്ടതാണ്. ചക്രങ്ങളും ചിപ്പുകൾ പോലുള്ള ഇലക്ട്രോണിക് ഭാഗങ്ങളുമാണ് ഇറക്കുമതി ചെയ്ത പ്രധാന ഘടകങ്ങൾ. ചെന്നൈയിലെ ഫാക്ടറിയിൽ 9,086 തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. ഇതിൽ പത്ത് ശതമാനത്തോളം ജീവനക്കാർ സ്ത്രീകളാണ്.

അത്യാധുനിക സംവിധാനങ്ങൾ അടങ്ങിയ വന്ദേ ഭാരത് യാത്ര വിമാനയാത്രയ്ക്ക് തുല്യമായ അനുഭൂതിയാവും യാത്രക്കാരന് സമ്മാനിക്കുക. എല്ലാ കോച്ചുകളിലും സിസിടിവി ക്യാമറകൾ, റിവോൾവിംഗ് സീറ്റുകൾ, വൈഫൈ ബയോവാക്വം ടോയ്‌ലറ്റുകൾ, ആന്റികൊളിഷൻ ഉപകരണങ്ങൾ എന്നിവ ഇതിലുണ്ട്. 160 കിലോമീറ്റർ വേഗതയിൽ ഓടുന്ന ട്രെയിൻ നേരിടുന്ന ഏറ്റവും വലിയ ഭീഷണി ട്രാക്കിൽ അലഞ്ഞു തിരിയുന്ന നാൽക്കാലികളാണ്. നിരവധി അപകടങ്ങളാണ് ഇത് മൂലമുണ്ടായത്. സുരക്ഷാ ഭീഷണി കണക്കാക്കി നിലവിൽ 130 കിലോമീറ്റർ സ്പീഡാണ് ശരാശരി വേഗമായി നിശ്ചയിച്ചിരിക്കുന്നത്. 16 കോച്ചുകളാണ് ഒരു ട്രെയിനിലുള്ളത്.

കേരളത്തിനും ഉടൻ ലഭിക്കും വന്ദേഭാരത്

വിമാനത്തിലെപ്പോലെ യാത്രാസുഖം പകരുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോഡി പുകഴ്ത്തിയ, 160 കിലോമീറ്റർ വരെ വേഗതയിൽ കുതിച്ചുപായുന്ന വന്ദേഭാരത് ട്രെയിൻ സർവീസ് കേന്ദ്രസർക്കാരിന്റെ പുതുവത്സര സമ്മാനമായി കേരളത്തിന് അനുവദിച്ചേക്കും. ദക്ഷിണി റെയിൽവേയ്ക്ക് ആദ്യമായി ലഭിച്ച ട്രെയിൻ ചെന്നൈ ബാംഗ്ലൂർ മൈസൂർ റൂട്ടിൽ നവംബർ പത്തുമുതൽ ഓടിത്തുടങ്ങും. ചെന്നൈ, ബംഗളൂരു നഗരങ്ങളിൽ നിന്ന് കേരളത്തിലേക്ക് വന്ദേഭാരത് സർവീസുകൾക്ക് സാദ്ധ്യതയുണ്ട്. ചെന്നൈയിൽ നിന്ന് കന്യാകുമാരിയിലേക്ക് അതിവേഗ ട്രെയിൻ വേണമെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ തിരുവനന്തപുരത്ത് നടന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ സതേൺ സോണൽ കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇത് പരിഗണിക്കപ്പെട്ടാൽ തിരുവനന്തപുരത്തിന്റെ അയൽപക്കത്തേക്കും ഒരു വന്ദേഭാരത് എത്തും. പാതയിരട്ടിപ്പിക്കൽ പൂർത്തിയായാൽ ഈ ട്രെയിൻ തിരുവനന്തപുരത്തേക്ക് നീട്ടാനുമിടയുണ്ട്. ചെന്നൈ ഇന്റഗ്രൽ കോച്ച് ഫാക്ടറിയിലും ഉത്തർപ്രദേശ് റായ്ബറേലിയിലെ മോഡേൺ കോച്ച് ഫാക്ടറിയിലും 44




ട്രെയിനുകൾ നിർമ്മാണത്തിലാണ്.

സംസ്ഥാനം ഒരു രൂപ പോലും മുടക്കാതെയാണ് അത്യാധുനിക സൗകര്യങ്ങളുള്ള വന്ദേഭാരത് അതിവേഗ ട്രെയിനുകൾ വരുന്നത്. മൂന്നുവർഷത്തിനകം 400ട്രെയിനുകൾ ഓടിക്കുമെന്നാണ് കേന്ദ്ര ബഡ്ജറ്റിലെ പ്രഖ്യാപനം. ആസാദി കി അമൃത് മഹോത്സവിന്റെ ഭാഗമായി 75ആഴ്ച കൊണ്ട് 75വന്ദേഭാരത് ട്രെയിനുകളാണ് പ്രധാനമന്ത്രിയുടെ വാഗ്ദാനം. ഇതുവരെ നാല് ട്രെയിനുകളേ ഓടിത്തുടങ്ങിയിട്ടുള്ളൂ. ന്യൂഡൽഹി വാരണാസിയാണ് വന്ദേഭാരതിന്റെ ആദ്യ സർവീസ്. ന്യൂഡൽഹി ശ്രീ മാതാ വൈഷ്ണോ ദേവി കത്ര, ഗാന്ധിനഗർ മുംബയ്, ഹിമാചൽ പ്രദേശിലെ ഊന ഡൽഹി ട്രെയിനുകളും ഓടിത്തുടങ്ങിയിട്ടുണ്ട്. ചെന്നൈ ബാംഗ്ലൂർ മൈസൂർ റൂട്ടിൽ അഞ്ചാമത്തെ വന്ദേ ഭാരതാണ് വരുന്നത്. ചെന്നൈഎറണാകുളം, മംഗളൂരു തിരുവനന്തപുരം, എറണാകുളം ബംഗളൂരു റൂട്ടുകളിൽ വന്ദേഭാരത് പ്രതീക്ഷിക്കപ്പെടുന്നുണ്ട്.



# വേണ്ടത്ര സൗകര്യമില്ലാത്ത മൂന്നാറിലേക്ക് ആരെങ്കിലും ക്ഷണിക്കുമോ? സ്വപ്നയ്ക്ക് മറുപടിയുമായി ഐസക്

**ആലപ്പുഴ:** സ്വർണക്കടത്ത് കേസിലെ പ്രതി സ്വപ്ന സുരേഷിന്റെ ആരോപണങ്ങളോട് പ്രതികരിച്ച് മുൻ മന്ത്രി തോമസ് ഐസക്. മുൻമന്ത്രി തന്നെ മൂന്നാറിലേക്ക് ക്ഷണിച്ചുവെന്ന ആരോപണത്തിനടക്കമാണ് അദ്ദേഹം മറുപടി നൽകിയത്. വേണ്ടത്ര താമസ സൗകര്യമില്ലാത്ത മൂന്നാറിലേക്കൊക്കെ ആരെങ്കിലും ക്ഷണിക്കുമോയെന്നും സാമാന്യ യുക്തി നിരക്കാത്ത കാര്യങ്ങളാണ് പറയുന്നതെന്നും ഐസക് മാധ്യമങ്ങളോട് പ്രതികരിച്ചു. ആരോപണങ്ങൾക്ക് പിന്നിൽ കൃത്യമായ രാഷ്ട്രീയമുണ്ട്. അതിനെ രാഷ്ട്രീയമായി തന്നെ നേരിടും കേസിന് പോകുന്നത് സംബന്ധിച്ച് പാർട്ടിയാണ് തീരുമാനിക്കേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി. ഒരു ചാനൽ അഭിമുഖത്തിനിടെ കഴിഞ്ഞ ദിവസമാണ് സ്വപ്ന സുരേഷ് തോമസ് ഐസക് ഉൾപ്പടെയുള്ള മൂന്ന് സിപിഎം നേതാക്കൾക്കെതിരെ ലൈംഗിക ആരോപണം ഉന്നയിച്ചത്. നേരിട്ടായിരുന്നില്ല തോമസ് ഐസക് താത്പര്യം പ്രകടിപ്പിച്ചത്. ചില സിഗ്നലുകൾ നൽകിയായിരുന്നു. തന്നെ വീടിന്റെ മുകളിലേക്ക് ക്ഷണിച്ചു. മൂന്നാറിലേക്ക് പോകാമെന്ന് പറഞ്ഞു - സ്വപ്ന അഭിമുഖത്തിനിടെ ആരോപിച്ചിരുന്നു. ഇതിനോട് പ്രതികരിക്കുകയായിരുന്നു ഐസക്.'വീടിന്റെ താഴത്തേത് പോലെ മുകളിലും സ്വീകരണ മുറിയുണ്ട്. ഞാൻ മുകളിൽ വായിക്കുകയോ പഠിക്കുകയോ ചെയ്യുകയാണെങ്കിലും കാണാൻ വരുന്നവരെ മുകളിലേക്കാണ് വിളിക്കാറുള്ളത്. ഔദ്യോഗിക കൂടിക്കാഴ്ചകളൊക്കെ മുകളിലാണ് നടത്താറുള്ളത്. മുകളിലേക്ക് വരുന്നതിന് എന്റെ വീടിനുള്ളിൽ കയറേണ്ടതില്ല. മുന്നിൽ നിന്ന് തന്നെ മറ്റൊരു ഗോവണി ഇങ്ങോട്ടേക്കുണ്ട്. മറ്റുള്ളവരോടെല്ലാം മുകളിലേക്ക് വരാൻ പറയുമ്പോൾ അവരോട് പറഞ്ഞതിൽ എന്താണ് അസ്വാഭാവികതയുള്ളതെന്ന് അറിയില്ല' - ഐസക് പറഞ്ഞു. മൂന്നാറിലേക്ക് ക്ഷണിച്ചുവെന്നാണ് രണ്ടാമത്തെ ആരോപണം. സ്വബോധമുള്ള ഏതെങ്കിലും മന്ത്രി കറങ്ങാനായിട്ട് ടൂറിസ്റ്റ് കേന്ദ്രത്തിൽ പോകുമോ..? അതും കറങ്ങാനായിട്ട് വേണ്ടത്ര താമസ സൗകര്യമില്ലാത്ത മൂന്നാറിലേക്കൊക്കെ ആരെങ്കിലും ക്ഷണിക്കുമോ ?. സമാന്യയുക്തിക്ക് നിരക്കുന്നതാണോ പറയുന്നതെന്നും അദ്ദേഹം ചോദിച്ചു. 'ഒരു ഔദ്യോഗിക വിരുന്ന് നടന്ന സമയമാണ്. എല്ലാവരും ഉണ്ട്. കിഫ്ബിയിലെ ഉദ്യോഗസ്ഥരും കോൺസുൽ ജനറലും അടക്കം 20 പേരെങ്കിലും ഉണ്ടാകും. അവിടെ പല ചർച്ചകളും നടന്നുകാണും. അതൊന്നും എനിക്കിപ്പോൾ ഓർമയില്ല. സ്വഭാവികമായിട്ട് കോൺസുലിനോടോ മറ്റോ കേരളത്തിൽ സഞ്ചരിക്കണമെന്നോ ആലപ്പുഴ വള്ളംകളി കാണണമെന്നോ എന്നൊക്കെ പറഞ്ഞുകാണാം. ആർക്കാ അതൊക്കെ ഇപ്പോൾ ഓർക്കാൻ സാധിക്കുക. ഞാൻ ഏതായാലും എന്റെ റെക്കോർഡ് മുഴുവൻ നോക്കി, എന്റെ റൂട്ടിലൊന്നും മൂന്നാറില്ല. മന്ത്രിയായിരിക്കുമ്പോൾ ഒരിക്കൽ പോലും മൂന്നാറിൽ പോയിട്ടില്ല.ആരു വന്നാലും ചിരിച്ചുകൊണ്ടും സ്നേഹത്തോടുമാണ് വർത്താനം പറയുക. വേറെ ആർക്കെങ്കിലും എന്തെങ്കിലും തോന്നിയാൽ അതിങ്ങോട്ട് വെക്കേണ്ട ആവശ്യമില്ല. അവർ അതിനപ്പുറമൊന്നും പറഞ്ഞിട്ടില്ല. എന്തായാലും എന്റെ പേര് ഉയർത്തിയത് ബോധപൂർവ്വമാണ്' - തോമസ് ഐസക് പറഞ്ഞു.ബിജെപിയുടെ തത്പര രാഷ്ട്രീയമാണിത്. കള്ളക്കടത്ത് കേസിലെ പ്രതി കേരള രാഷ്ട്രീയത്തിൽ വലിയ കോളിളക്കം സൃഷ്ടിച്ചതാണ്. ആ തിരഞ്ഞെടുപ്പിൽ ജനം ഇത് അംഗീകരിച്ചിട്ടില്ല. ആ പ്രതി ഇന്ന് ബിജെപിയുടെ ദത്തുപുത്രിയാണ്. അവർക്ക് പൂർണ്ണ സംരക്ഷണം നൽകുന്നതും ഈ വർത്താനത്തിന്റെ തിരക്കഥ തയ്യാറാക്കുന്നതും ഒരുപക്ഷേ ബിജെപിയാവും. സിപിഎമ്മിന്റെ ഉന്നതരായ നേതാക്കളെ തേജോവധം ചെയ്യുക എന്നതാണ് ഇതിലെ രാഷ്ട്രീയം.മുമ്പൊന്നും പറയാത്ത കാര്യങ്ങളാണ് അവരിപ്പോൾ പറയുന്നത്. കൃത്യമായ രാഷ്ട്രീയ അജണ്ടയാണിത്. രാഷ്ട്രീയം രാഷ്ട്രീയമായിട്ടാണ് നേരിടുക. അതിലെ ഓരോ കാര്യത്തിനും കേസിനുപോകാനാകില്ല. ഇനി കേസിന് പോകണമെന്നുണ്ടെങ്കിൽ അത് പാർട്ടി തീരുമാനിക്കും. തെളിവുകളൊക്കെ വരട്ടെയെന്നും ഐസക് കൂട്ടിച്ചേർത്തു.



# പക്ഷികളോടുള്ള കരുതൽ; ദീപാവലിക്ക് പടക്കം പൊട്ടിക്കാത്ത തമിഴ്ഗ്രാമങ്ങൾ

ചെന്നൈ: വിദേശപക്ഷികൾ ചേക്കേറുന്ന ശിവഗംഗ ജില്ലയിലെ വേട്ടങ്കുടിപ്പട്ടി, കൊല്ലുകുടിപ്പട്ടി ഗ്രാമങ്ങളിലെ ജനങ്ങൾ 50 വർഷമായി ദീപാവലിക്കു പടക്കംപൊട്ടിക്കാറില്ല. പക്ഷികളോടുള്ള കരുതലും സ്നേഹവുമാണ് കാരണം. ശിവഗംഗയിൽനിന്നും മധുര റോഡിൽ തിരുപ്പുത്തൂരിനു സമീപമാണ് വേട്ടങ്കുടിപ്പട്ടിയും കൊല്ലുകുടിപ്പട്ടിയും. ഇവിടെ വിസ്തൃതമായ പക്ഷിസങ്കേതമുണ്ട്.

ഏഴായിരത്തിലധികം വിദേശ ഇനം പക്ഷികൾ പ്രജനനത്തിനായി ഇവിടെയെത്തും. സെപ്റ്റംബർ മുതൽ മാർച്ച് വരെ അവ വെള്ളത്തിൽ വളർന്ന മരങ്ങളിൽ കൂടുണ്ടാക്കി മുട്ടവിരിയിക്കും. പക്ഷികൾക്കു യാതൊരു പ്രയാസങ്ങളും ഉണ്ടാകരുതെന്ന് ഗ്രാമവാസികൾക്കു നിർബന്ധമാണ്.

അവർ ഈ പക്ഷികളെ ഗ്രാമത്തിലെ അതിഥികളായാണ് കാണുന്നത് അതുകൊണ്ടുതന്നെ 50 വർഷമായി ഇവിടെ ആഘോഷങ്ങളിലും വിവാഹങ്ങളിലും മൃതദേഹംവഹിച്ചുള്ള യാത്രകളിലുമൊന്നും പടക്കംപൊട്ടിക്കാറില്ല. നിയമം പാലിക്കുന്നതിൽ ഗ്രാമീണർ ഒറ്റക്കെട്ടാണ്. ഇവരുടെ നന്മ കണ്ടറിഞ്ഞ വനംവകുപ്പ് അധികൃതർ ശനിയാഴ്ച ഗ്രാമവാസികൾക്കു മധുരം വിതരണംചെയ്തു.

# ദീപാവലി തലേന്ന് അയോധ്യയിലെത്തി പ്രധാനമന്ത്രി മോദി; രാമക്ഷേത്ര നിർമാണ പുരോഗതി വിലയിരുത്തി

ലഖ്നൗ: ദീപാവലിയുടെ തലേദിവസമായ ഞായറാഴ്ച പ്രധാനമന്ത്രി നരേന്ദ്ര മോദി അയോധ്യയിലെത്തി. ദീപോത്സവത്തിൽ പങ്കെടുക്കാനെത്തിയ അദ്ദേഹത്തെ ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥും ഗവർണർ ആനന്ദിബെൻ പട്ടേലും ചേർന്ന് സ്വീകരിച്ചു. ദീപാവലി ആഘോഷങ്ങളുടെ ഭാഗമായി സരയു നദിക്കരയിൽ നടക്കുന്ന ദീപോത്സവത്തിൽ 15 ലക്ഷം ദീപങ്ങളാണ് പ്രധാനമന്ത്രിയുടെ സന്ദർശനത്തിന്റെ ഭാഗമായി ചടങ്ങിൽ തെളിയിക്കുന്നത്.

വൈകിട്ട് അയോധ്യയിലെ രാംലല്ലയിൽ പ്രണാമം അർപ്പിച്ച പ്രധാനമന്ത്രി മോദി രാമക്ഷേത്ര നിർമാണ പുരോഗതി അദ്ദേഹം വിലയിരുത്തുകയും ചെയ്തു. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥും ഗവർണർ ആനന്ദിബെൻ പട്ടേലും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. 2020ൽ രാമക്ഷേത്രത്തിന്റെ ശിലാസ്ഥാപനം നടത്തിയതിന് ശേഷം ആദ്യമായിട്ടാണ് പ്രധാനമന്ത്രി അയോധ്യയിലെത്തുന്നത്. രാമക്ഷേത്രത്തിന്റെ നിർമാണം പുരോഗമിക്കുകയാണ്. പ്രധാന ക്ഷേത്ര കെട്ടിടത്തിന്റെ അടിത്തറ നിർമാണം പൂർത്തിയായി കഴിഞ്ഞു. 2023 ഡിസംബറോട് കൂടി ക്ഷേത്രത്തിന്റെ ഒരു ഭാഗം തീർഥാടകർക്കായി തുറന്നു നൽകുമെന്നാണ് അധികൃതർ അറിയിച്ചിരിക്കുന്നത്. വൈകുന്നേരം പ്രധാനമന്ത്രി പ്രതീകാത്മകമായി ശ്രീരാമന്റെ രാജ്യാഭിഷേകം നടത്തി സരയൂ നദിയിലെ ന്യൂഘട്ടിലെ ആരതിക്ക് സാക്ഷ്യം വഹിച്ചു. തുടർന്ന് മഹത്തായ ദീപോത്സവ് ആഘോഷങ്ങളുൾക്ക് തുടക്കം കുറിച്ചു.

ഈ വർഷം ദീപോത്സവത്തിന്റെ ആറാമത് പതിപ്പാണ് നടക്കുന്നത്, ആദ്യമായാണ് പ്രധാനമന്ത്രി ആഘോഷങ്ങളിൽ നേരിട്ട് പങ്കെടുക്കുന്നത്. ചടങ്ങിൽ 15 ലക്ഷത്തിലധികം ദീപങ്ങൾ തെളിക്കും. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വ്യത്യസ്ത നൃത്തരൂപങ്ങളുള്ള അഞ്ച് ആനിമേറ്റഡ് ടാബ്ലോകളും പതിനൊന്ന് രാമലീല ടാബ്ലോകളും ദീപോത്സവത്തിൽ അവതരിപ്പിക്കും. ഗ്രാൻഡ് മ്യൂസിക്കൽ ലേസർ ഷോയ്ക്കൊപ്പം സരയൂ നദിയുടെ തീരത്തുള്ള രാം കി പൈഡിയിൽ നടക്കുന്ന 3-ഡി ഹോളോഗ്രാഫിക് പ്രൊജക്ഷൻ മാപ്പിംഗ് ഷോയ്ക്കും പ്രധാനമന്ത്രി സാക്ഷിയാകും



# കാറിൽ ഡോക്ടറുടെ സ്റ്റിക്കർ, അകത്ത് 142 കിലോ ചന്ദന മുട്ടികളും; പകൽ നോക്കിവെച്ച് രാത്രി മുറിക്കും

**എടക്കാട്(കണ്ണൂർ):** കാറിൽ കടത്തിയ 142 കിലോഗ്രാം ചന്ദനമുട്ടികളുമായി രണ്ടുപേർ പിടിയിലായി. ദേശീയപാതയിൽ തോട്ടട ചിമ്മിണിയൻവളവിൽ വെള്ളിയാഴ്ച രാത്രി എടക്കാട് എസ്.ഐ. ഹാരിഷ് വാഴയിലും സംഘവും നടത്തിയ പരിശോധനയിലാണ് കെ.എൽ. 13 എ.ജി. 5038 നമ്പർ കാറിൽനിന്ന് 17 ചന്ദനമുട്ടികൾ പിടിച്ചെടുത്തത്. മരം മുറിക്കുന്ന യന്ത്രവും കണ്ടെടുത്തു.കാസർകോട് കുണ്ടംകുഴി മെരുത്തടുക്കം സിനാൻ (24), തൃശ്ശൂർ മുള്ളൂർ തുലക്കാട്ടിൽ മുഹമ്മദ് സുഹൈൽ (24) എന്നിവരാണ് പിടിയിലായത്. മുഹമ്മദ് സുഹൈൽ കാസർകോട്ടാണ് ഇപ്പോൾ താമസം. കാറിന്റെ ചില്ലിന് പുറത്ത് ഡോക്ടറുടെ ചിഹ്നം പതിച്ചായിരുന്നു കടത്ത്.തൃശ്ശൂരിൽനിന്ന് കാസർകോട്ടേക്ക് പോകുന്ന വഴിയിലാണ് പോലീസ് തടഞ്ഞ് പരിശോധിച്ചത്. കാസർകോട്ടുനിന്ന് ആന്ധ്രാപ്രദേശിലേക്ക് കടത്താനായിരുന്നു ഇവരുടെ പദ്ധതിയെന്ന് പോലീസ് പറഞ്ഞു. കണ്ണൂർ എ.സി.പി. ടി.കെ. രത്നകുമാറിന്റെ നിർദേശപ്രകാരം എടക്കാട് ഇൻസ്പെക്ടർ സത്യനാഥൻ, പ്രിൻസിപ്പൽ എസ്.ഐ. എൻ. ദിജേഷ് എന്നിവരുടെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. എ.എസ്.ഐ. മിനി ഉമേഷ്, സീനിയർ സി.പി.ഒ.മാരായ സി.കെ. സീന, വി.പി. ഷമീം എന്നിവരും സംഘത്തിലുണ്ടായിരുന്നു. അറസ്റ്റിലായവരെ കോടതി റിമാൻഡ് ചെയ്തു. കൂടുതൽ അന്വേഷണത്തിനായി കേസ് വനംവകുപ്പിന് കൈമാറി.പകൽ ചന്ദനമരങ്ങൾ നോക്കിവെച്ച് രാത്രി മുറിച്ചെടുക്കുന്ന തന്ത്രം

എടക്കാട്: പകൽസമയത്ത് ഓരോ പ്രദേശത്തെയും ചന്ദനമരങ്ങൾ കണ്ടെത്തി രാത്രികാലങ്ങളിൽ മുറിച്ചുമാറ്റുന്ന സംഘമാണ് പിടിയിലായതെന്ന് സംശയിക്കുന്നതായി പോലീസ് പറയുന്നു. വാഹനത്തിൽ നിന്ന് മരം മുറിക്കാനുള്ള യന്ത്രം കണ്ടെടുത്തതാണ് ഈ സംശയത്തിന് കാരണം. ഒരു മീറ്ററോളം നീളത്തിൽ മുറിച്ചെടുത്ത ചന്ദനമുട്ടികൾ വലിയ കാറിൽ അടുക്കിവെച്ചാണ് കടത്ത്. പോലീസ് തടയാതിരിക്കാനായി കാറിന് പുറത്ത് ഡോക്ടർ സ്റ്റിക്കറും പതിച്ചത് തട്ടിപ്പു സംഘത്തിന്റെ പുതിയ രീതിയാണിതെന്നും പോലീസ് പറയുന്നു.



# മാലിന്യപ്ലാന്റിൽ കാലുകൾ, കൊല്ലപ്പെട്ടത് പീറ്റർ കനിഷ്കർ തന്നെ; ഡി.എൻ.എയിൽ സ്ഥിരീകരണം

**തിരുവനന്തപുരം:** മുട്ടത്തറ മാലിന്യ സംസ്കരണ പ്ലാന്റിൽ കണ്ടെത്തിയ കാലുകൾ ബംഗ്ലാദേശ് കോളനിയിൽ വെച്ച് കൊല്ലപ്പെട്ട പീറ്റർ കനിഷ്കറിന്റേതാണെന്നു സ്ഥിരീകരിച്ചു. കനിഷ്കറിന്റെയും അമ്മ പൗളറ്റിന്റെയും ഡി.എൻ.എ. പരിശോധന നടത്തിയാണ് കനിഷ്കറാണെന്നു സ്ഥിരീകരിച്ചത്. കന്യാകുമാരി ചിന്നമുട്ടം ശിങ്കാരവേലൻ കോളനിയിൽ 15/267ൽ ആന്റണി കനിബല്ലിന്റെയും പൗളറ്റിന്റെയും മൂത്തമകനാണ് പീറ്റർ കനിഷ്കർ.

പീറ്റർ കനിഷ്കറിന്റെ ശരീരാവശിഷ്ടങ്ങൾ ഏറ്റുവാങ്ങാൻ അമ്മ പൗളറ്റും ബന്ധുക്കളും വലിയതുറ സ്റ്റേഷനിലെത്തി. ഇവരുടെ മൊഴി പോലീസ് രേഖപ്പെടുത്തിയിട്ടുണ്ട്. തന്റെ മകനെ വിളിച്ചുവരുത്തി കൊലപ്പെടുത്തിയതെന്നാണ് ഇവർ പറയുന്നത്. കനിഷ്കറിന്റെ വസ്ത്രാവശിഷ്ടങ്ങൾ ഇവർ തിരിച്ചറിഞ്ഞിട്ടുണ്ട്. തലയും ശരീരത്തിന്റെ മറ്റു ഭാഗങ്ങളും ലഭിച്ചിട്ടില്ല.

ഓഗസ്റ്റ് ഏഴിനായിരുന്നു വീട്ടിൽനിന്ന് പുത്തേരി സ്വദേശിയായ മഹേശ്വർ ഖലീഫ എന്ന യുവാവുമായി കനിഷ്കർ കേരളത്തിലേക്കു പുറപ്പെട്ടതെന്ന് പൗളറ്റ് പറഞ്ഞു. മത്സ്യത്തൊഴിലാളിയായതിനാൽ മീൻപിടിത്തത്തിനു പോകുന്നുവെന്നാണ് വീട്ടിൽ പറഞ്ഞിരുന്നത്. മിക്കദിവസവും വീട്ടിൽ വിളിക്കുമായിരുന്നു. ഓഗസ്റ്റ് 12-ന് ഉച്ചയ്ക്ക് രണ്ടിനായിരുന്നു കനിഷ്കർ അവസാനമായി അമ്മയെ വിളിച്ചത്. തിരികെ വിളിക്കുമ്പോൾ ഫോൺ സ്വിച്ച് ഓഫായിരുന്നു. കഴിഞ്ഞ ചൊവ്വാഴ്ച കേരള പോലീസ് കന്യാകുമാരി പോലീസിനെയുംകൂട്ടി വീട്ടിലെത്തിയിരുന്നു. മഹേശ്വർ ഖലീഫയെ തേടിയായിരുന്നു എത്തിയത്. തുടർന്നായിരുന്നു തന്റെ മകൻ കൊല്ലപ്പെട്ടെന്ന് അറിഞ്ഞത്. ഖലീഫയെ വലിയതുറ പോലീസ് വിശദമായി ചോദ്യംചെയ്തുവരികയാണ്.

മത്സ്യത്തൊഴിലാളിയായ കനിഷ്കറിന്റെ അച്ഛൻ ആന്റണി കനിബാൽ 2010-ൽ കൊല്ലത്തുനിന്ന് ബോട്ടിൽ മീൻപിടിക്കാൻ പോകുന്നുവെന്നു പറഞ്ഞു പോയതിനു ശേഷം തിരിച്ചെത്തിയിട്ടില്ല. കഴിഞ്ഞ വർഷം ഇതേക്കുറിച്ച് കന്യാകുമാരി പോലീസിൽ പരാതി നൽകിയിരുന്നു. കനിഷ്കറിന്റെ തിരോധാനത്തെക്കുറിച്ച് വീട്ടുകാർ പരാതി നൽകിയിരുന്നില്ല.

ഓഗസ്റ്റ് 12-ന് രാത്രി ബംഗ്ലാദേശ് സ്വദേശി മനു രമേഷ് തന്റെ വീട്ടിനുള്ളിൽ വച്ച് പീറ്റർ കനിഷ്കറെ കുത്തിക്കൊലപ്പെടുത്തിയെന്നാണ് പോലീസ് കണ്ടെത്തിയിട്ടുള്ളത്. തമിഴ്നാട്ടിലെ ലഹരിക്കച്ചവട സംഘത്തിനുള്ളിലെ തർക്കങ്ങളായിരുന്നു കൊലപാതകത്തിനു കാരണമെന്ന് പോലീസ് പറയുന്നു.

തുടർന്ന് സുഹൃത്തും ഇറച്ചിവെട്ടുകാരനുമായ ഷെഹിൻ ഷായെ വിളിച്ചുവരുത്തി മൃതദേഹം പല കഷ്ണങ്ങളായി മുറിച്ച് കടലിലും ആളൊഴിഞ്ഞ സ്ഥലങ്ങളിലും ഉപേക്ഷിച്ചുവെന്നും പോലീസ് പറയുന്നു.



# ഇല്ലാത്ത ഓൺലൈൻ കമ്പനിയുടെ പേരിൽ ലക്ഷങ്ങളുടെ തട്ടിപ്പ്; മലാക്ക രാജേഷ് അടക്കം 3 പേർ പിടിയിൽ

പറവൂർ: ഇല്ലാത്ത ഓൺലൈൻ കമ്പനിയുടെ പേര് പറഞ്ഞ് മോഹന വാഗ്ദാനങ്ങൾ നൽകി ലക്ഷങ്ങൾ തട്ടിയ മൂന്നുപേരെ പോലീസ് അറസ്റ്റ് ചെയ്തു. തൃശ്ശൂർ മണലിത്തറ കണ്ടാരത്ത് വീട്ടിൽ രാജേഷ് (മലാക്ക രാജേഷ്-46), തൃശ്ശൂർ ലാലൂർ തുരുത്ത് പല്ലിശേരി വീട്ടിൽ ഷിജോ (45), കോട്ടുവള്ളി പരിയാരം തോട്ടുങ്കൽ വീട്ടിൽ ജിബി (41) എന്നിവരെയാണ് പോലീസ് പിടികൂടിയത്.

മൈ ക്ലബ്ബ് ട്രേഡേഴ്സ് എന്ന ബഹുരാഷ്ട്ര കമ്പനിയുടെ ഗ്ലോബൽ ഡയറക്ടറും പ്രമോട്ടറും ഫിനാൻസ് മാനേജരുമാണെന്ന് പറഞ്ഞായിരുന്നു ഇവരുടെ തട്ടിപ്പ്. ചിറ്റാറ്റുകര, വടക്കേക്കര മേഖലകളിൽ യോഗങ്ങൾ നടത്തി ആളുകളുടെ വിശ്വാസ്യത നേടിയെടുത്ത ശേഷമാണ് ഇവർ പണം തട്ടിയെടുത്തത്. 1500 ഡോളറിന് തുല്യമായ തുകയുടെ യൂണിറ്റുകൾ ഇന്ത്യൻ രൂപയിൽ നിക്ഷേപിച്ചാൽ ഓരോ പ്രവൃത്തിദിവസവും നിക്ഷേപിച്ച തുകയുടെ ഒരു ശതമാനം വീതം ലാഭവിഹിതം ലഭിക്കുമെന്ന് വാഗ്ദാനം നൽകി. മൊബൈൽ ഫോണിൽ ഒരു ആപ്പ് ഇൻസ്റ്റാൾ ചെയ്താൽ ലാഭവിഹിതം കയറുന്നത് അറിയാൻ കഴിയുമെന്നും പറഞ്ഞിരുന്നു. ലാഭവിഹിതമോ പണമോ കിട്ടാതായതോടെ പണം നഷ്ടപ്പെട്ട ഒരാൾ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിലായിരുന്നു അറസ്റ്റ്. ഇൻസ്പെക്ടർ വി.സി. സൂരജ്, എസ്.ഐ. എം.എസ്. ഷെറി, എ.എസ്.ഐ. അബ്ദുൽ റസാഖ് എന്നിവരുടെ നേതൃത്വത്തിലാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. വിവിധ സ്റ്റേഷനുകളിലായി ഇതേ രീതിയിലുള്ള തട്ടിപ്പുകേസുമായി ബന്ധപ്പെട്ട് രാജേഷിന്റെ പേരിൽ 26 കേസുകളും ഷിജോയുടെ പേരിൽ 17 കേസുകളും ഉണ്ടെന്ന് പോലീസ് പറഞ്ഞു.

കേരള പ്രണാമം





# പി.എസ്.സി.യുടെ അടിസ്ഥാന സൗകര്യം വർധിപ്പിക്കുകയാണ് സർക്കാർ ലക്ഷ്യം –മുഖ്യമന്ത്രി

**കോട്ടയം:** കേരള പബ്ലിക് സർവീസ് കമീഷൻറെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിൽ സർക്കാർ വലിയ പരിഗണന നൽകിവരികയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോട്ടയം ജില്ലാ ഓഫിസിന് പുതുതായി പണിത ബഹുനില കെട്ടിടത്തിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. പ്രളയ കാലത്തും കോവിഡ് കാലത്തും കേരള പി.എസ്.സി. നടത്തിയ പ്രവർത്തനം മാതൃകാപരമാണ്. എല്ലാ കാര്യങ്ങളിലും യു.പി.എസ്.സിയേക്കാൾ ഏറെ മുന്നിലാണ് കേരള പി.എസ്.സി. മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരള പി.എസ്.സിയുടെ പ്രവർത്തനങ്ങൾ പഠിക്കാൻ പഠനസംഘങ്ങൾ വരുന്നത് മികവിനുള്ള അംഗീകാരമാണ്. അഴിമതി വിമുക്തരായ ജീവനക്കാരാണ് കേരള പി.എസ്.സി.യുടെ പ്രത്യേകതയെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.അഡ്വ. എം.കെ. സക്കീർ അധ്യക്ഷത വഹിച്ച ചടങ്ങിൽ സഹകരണ, രജിസ്ട്രേഷൻ വകുപ്പു മന്ത്രി വി.എൻ. വാസവൻ മുഖ്യാതിഥിയായി. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, കമീഷനംഗം സി. സുരേശൻ, ഡോ. കെ.പി. സജിലാൽ, മുനിസിപ്പൽ ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യൻ, മുനിസിപ്പൽ കൗൺസിലർ ജൂലിയസ് ചാക്കോ എന്നിവർ ആശംസകളർപ്പിച്ചു. കേരള അഡ്മിനിസ്ട്രേഷൻ സർവീസ് ആദ്യ തെരഞ്ഞെടുപ്പ് മികച്ച നിലയിൽ പൂർത്തികരിക്കുവാൻ നേതൃത്വം കൊടുത്ത പി.എസ്.സി ചെയർമാൻ അഡ്വ. എം.കെ. സക്കീറിന് കേരള സർക്കാരിൻറെ ആദരമർപ്പിച്ചു കൊണ്ടുള്ള ഉപഹാരം മുഖ്യമന്ത്രി ചടങ്ങിൽ വെച്ച് വിതരണം ചെയ്തു. പി.ഡബ്ല്യൂ.ഡി ബിൽഡിങ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീലേഖ. പി റിപ്പോർട്ട് അവതരിപ്പിച്ചു. സെക്രട്ടറി സാജു ജോർജ് സ്വാഗതവും ജില്ലാ പി.എസ്.സി ഓഫിസർ മനോജ്കുമാർ പിള്ള കെ.ആർ നന്ദിയും രേഖപ്പെടുത്തി.



# ഏഴ് സെക്രട്ടേറിയറ്റ് ജീവനക്കാർക്കെതിരെ കോടതി നിർദേശാനുസരണം കേസ്

**തിരുവനന്തപുരം:** കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ പൊതുയോഗത്തിൻറെ ഹാജർ വ്യാജമായി ചമച്ച് കോടതിയിൽ സമർപ്പിച്ചെന്ന കേസിൽ ഏഴ് സെക്രട്ടേറിയറ്റ് ജീവനക്കാർക്കെതിരെ കേസെടുത്തു. കോടതി നിർദേശാനുസരണമാണ് കേസ്.സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഉന്നത തസ്തികകൾ വഹിക്കുന്ന എം.എസ്. ജ്യോതിഷ്, സി.എസ്. ശരത്ചന്ദ്രൻ, നൗഷാദ് ഹുസൈൻ, കെ.എസ്. ഹാരിസ്, ബി. സജീവ്, പി.സി. സാബു, രഞ്ജിത് എന്നിവർക്കെതിരെ കേസെടുക്കാനാണ് തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി ഉത്തരവിട്ടത്.അതിൻറെ അടിസ്ഥാനത്തിലാണ് വഞ്ചിയൂർ പൊലീസ് കേസ് രജിസ്റ്റർ ചെയ്തത്. കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ വാർഷിക സമ്മേളന പൊതുയോഗത്തിൻറെ മിനിട്സ് വ്യാജമായി തയാറാക്കിയെന്ന പരാതിയിലാണ് കോടതിയുടെ ഇടപെടൽ.കഴിഞ്ഞ ജൂലൈ ഏഴിന് വൈകീട്ട് നാലരക്ക് പൊതുയോഗം ചേർന്നതായി പ്രതിസ്ഥാനത്തുള്ളവർ ഹാജർ രേഖ തയാറാക്കി കോടതിയിൽ സമർപ്പിച്ചെന്നാണ് പരാതി. 94 പേർ പങ്കെടുത്തതായാണ് രേഖ തയാറാക്കിയത്. സംഘടനയുടെ മിനിട്സിൽ യഥാർഥ ആളുകളല്ലാത്തവരുടെ പേരും ഒപ്പും വ്യാജമായി നിർമിച്ച് മുൻസിഫ് കോടതിയിൽ സമർപ്പിച്ചെന്നാണ് പരാതിയെന്ന് പൊലീസ് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിൽ വ്യക്തമാക്കുന്നു.കോടതിയിൽ സമർപ്പിച്ച രേഖയിൽ പറഞ്ഞിരുന്ന പേരുകാരിൽ മിക്ക ആളുകളും ഇത്തരമൊരു യോഗത്തിൽ പങ്കെടുത്തില്ലെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു പരാതി. കേരള സെക്രട്ടേറിയറ്റ് അസോസിയേഷനിലെ വിഭാഗീയതയാണ് ഇത്തരമൊരു പരാതിക്ക് കാരണമെന്നും ചൂണ്ടിക്കാട്ടുന്നു.



# കിളിമാനൂർ ഉപജില്ല ശാസ്ത്രമേളക്ക് തുടക്കമായി

**കിളിമാനൂർ:** ഉപജില്ല ശാസ്ത്ര-ഗണിത ശാസ്ത്ര-സാമൂഹികശാസ്ത്ര-പ്രവൃത്തി പരിചയ-ഐ.ടി മേളക്ക് തുടക്കമായി. ഉപജില്ലയിലെ 76 വിദ്യാലയങ്ങളിൽ നിന്നായി ആയിരത്തിലധികം പ്രതിഭകളാണ് മാറ്റുരക്കുന്നത്. മേള 22ന് സമാപിക്കും.എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ പ്രത്യേകമായാണ് മേള സംഘടിപ്പിക്കുന്നത്. ശാസ്ത്ര-ഗണിത ശാസ്ത്രമേളകളാണ് വ്യാഴാഴ്ച നടന്നത്. എൽ.പി, യു.പി തലങ്ങളിൽ ഇത്തവണ ഉപജില്ലതലംവരെ മാത്രമേ മത്സരമുള്ളൂ. വെള്ളിയാഴ്ച സാമൂഹിക ശാസ്ത്ര, പ്രവൃത്തി പരിചയ ഐ.ടി മേള നടക്കും. കിളിമാനൂർ ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് പഞ്ചായത്ത് പ്രസിഡൻറ് ടി.ആർ. മനോജ്, പഴയകുന്നുമ്മേൽ പഞ്ചായത്ത് പ്രസിഡൻറ് കെ. രാജേന്ദ്രൻ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു.എസ്എം.സി ചെയർമാൻ യു.എസ് സുജിത്ത്, ബി.ആർ.സി ബി.പി.ഒ വി.ആർ സാബു, പ്രഥമാധ്യാപകൻ എൻ. സുനിൽകുമാർ, ബി.എസ് റജി, രഞ്ജിത്ത് എന്നിവർ സംസാരിച്ചു. വിദ്യാഭ്യാസ ഉപജില്ല ഓഫിസർ വി.എസ്. പ്രദീപ് സ്വാഗതം പറഞ്ഞു.

# വാദിയെ പ്രതിയാക്കുന്ന പൊലീസ്; ഇരയാകുന്നത് നിരപരാധികൾ

**കൊല്ലം:** 'പറയുന്നതുപോലെ ചെയ്തില്ലെങ്കിൽ നീയൊക്കെ അനുഭവിക്കും...', കാക്കി ദേഹത്ത് കയറിയാൽ തന്നെ ഏമാന്മാർക്കൊരു വല്ലാത്ത മാറ്റമാണ്. സ്റ്റേഷനിൽ പരാതിയുമായെത്തുന്ന നിരപരാധികൾവരെ കാക്കിയുടെ ഹുങ്കിൽപെട്ടുപോയ കഥകൾ നിരവധിയാണ്.അത്തരത്തിൽ വാദിയെ പ്രതിയാക്കിയ സംഭവത്തിൽ 'എമാന്മാർ' പെട്ടുപോയ സംഭവമാണ് കിളികൊല്ലൂർ പൊലീസ് സ്റ്റേഷനിലുണ്ടായത്. സാധാരണ സ്റ്റേഷനിൽ വിളിച്ചാൽപോലും ഒന്നുമില്ലെന്ന് പറയുന്ന ഉദ്യോഗസ്ഥർ അന്ന് സംഭവം നടന്നപ്പോൾ മാധ്യമങ്ങളെ വിളിച്ചത് നിരവധി തവണയാണ്.'സൈനികൻറെ നേതൃത്വത്തിൽ സ്റ്റേഷൻ ആക്രമിച്ചു..., പൊലീസ് ഉദ്യോഗസ്ഥനെ തലക്കടിച്ചു വീഴ്ത്തി...'. വിവരം അന്വേഷിച്ച് സ്റ്റേഷനിലെത്തിയ മാധ്യമ പ്രവർത്തകർക്ക് പ്രതികളുടെ ചിത്രങ്ങളും പരിക്കേറ്റ പൊലീസ് ഉദ്യോഗസ്ഥൻറെ ചിത്രവും ഉടൻ തന്നെ നൽകി.രാത്രി ചാനലുകളിൽ ബ്രേക്കിങ് ന്യൂസായി സ്ക്രോൾ ചെയ്ത വാർത്ത പിന്നീട് അച്ചടി മാധ്യമങ്ങളുടെ ഒന്നാം പേജിൽ വരെ ഇടംപിടിച്ചു. എം.ഡി.എം.എ കേസിൽ പ്രതികളെ ജാമ്യത്തിലെടുക്കാൻ വന്ന സൈനികൻറെ നേതൃത്വത്തിലുള്ള സംഘം സ്റ്റേഷൻ അതിക്രമിച്ചുകയറി പൊലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ചു എന്നതായിരുന്നു ആദ്യ ദിവസം പൊലീസ് പുറത്തുവിട്ട വിവരം.ദിവസവും റിപ്പോർട്ട് ചെയ്യപ്പെടുന്ന ക്രൈം സംഭവങ്ങളിലൊന്നായി എല്ലാവരും മറന്ന സംഭവത്തിന് ദിവസങ്ങൾ കഴിഞ്ഞപ്പോഴാണ് ട്വിസ്റ്റുണ്ടാവുന്നത്. ആഗസ്റ്റ് 25ന് രാത്രിയാണ് കിളികൊല്ലൂർ സ്റ്റേഷനിൽ സംഭവങ്ങളുടെ തുടക്കം. ഒരു കേസിൽ അറസ്റ്റിലായ നാട്ടുകാരായ പ്രതികൾക്ക് ജാമ്യമെടുക്കാൻ വരണമെന്നാവശ്യപ്പെട്ട് കൊറ്റങ്കര സ്വദേശിയും പൊതുപ്രവർത്തകനുമായ വിഘ്നേഷിനെ സ്റ്റേഷനിലേക്ക് വിളിപ്പിച്ചു.എം.ഡി.എം.എ കേസിലെ പ്രതിക്കാണെന്ന് ജാമ്യംനിൽക്കാൻ ആവശ്യപ്പെട്ടതെന്ന് വിഘ്നേഷ് അറിഞ്ഞതോടെ കഴിയില്ലെന്ന് പറഞ്ഞ് മടങ്ങി. പുറത്തിറങ്ങി സഹോദരനും സൈനികനുമായ വിഷ്ണുവിനൊപ്പം മടങ്ങാൻ തുടങ്ങവേ സ്റ്റേഷനിൽ നിന്ന് എ.എസ്.ഐ പ്രകാശ് ചന്ദ്രൻ ഇറങ്ങി വന്ന് ബൈക്ക് തടഞ്ഞനിർത്തി താക്കോൽ ഊരിയെടുക്കാൻ ശ്രമിച്ചു.പൊലീസുകാരൻ മദ്യപിച്ച് പ്രശ്നം സൃഷ്ടിച്ചുവെന്ന് പരാതിപ്പെടാനായി വിഷ്ണുവും വിഘ്നേഷും സ്റ്റേഷനിൽ എത്തിയതോടെ കഥമാറി. പൊലീസുകാർ മാറി മാറി ഇരുവരെയും മർദിച്ചു. പ്രതിരോധത്തിനിടയിൽ എ.എസ്.ഐ പ്രകാശ് ചന്ദ്രനും പരിക്കേറ്റു. സൈനികനെയും സഹോദരനെയും പ്രതികളാക്കി കേസെടുത്ത പൊലീസ് പിറ്റേദിവസം മെഡിക്കൽ നടത്താൻ ആശുപത്രിയിൽ എത്തിച്ചപ്പോഴും മാധ്യമപ്രവർത്തകരെ വിളിച്ചറിയിക്കാൻ മറന്നില്ല.പൊലീസിൻറെ മർദനത്തിൽ പരിക്കേറ്റ സഹോദരങ്ങൾ 12 ദിവസമാണ് ജയിലിൽ റിമാൻഡിൽ കഴിഞ്ഞത്. വിവാഹവുമായി ബന്ധപ്പെട്ടാണ് വിഷ്ണു അവധിക്ക് നാട്ടിലെത്തിയത്. കേസിൽ അകപ്പെട്ട് ജയിലിൽ കിടന്നതോടെ വർഷങ്ങളായി ഉറപ്പിച്ചുവെച്ചിരുന്ന ആ വിവാഹം മുടങ്ങി. കൂടാതെ, പൊലീസ് കായികക്ഷമതക്ക് പങ്കെടുക്കേണ്ട വിഘ്നേഷിനും സംഭവത്തെ തുടർന്ന് അവസരം നഷ്ടമായി.ഇരുവരും ചേർന്ന് മുഖ്യമന്ത്രി, ഡി.ജി.പി, പൊലീസ് കംപ്ലയിൻറ് അതോറിറ്റി എന്നിവർക്ക് പരാതി നൽകി. ശേഷം വിഷ്ണു ജോലി സ്ഥലത്തേക്ക് മടങ്ങി. കമീഷണർക്ക് നൽകിയ പരാതിയിൽ സ്പെഷൽ ബ്രാഞ്ചും ക്രൈംബ്രാഞ്ചും സ്റ്റേഷനിലെ നിരീക്ഷണ കാമറ ദൃശ്യങ്ങൾ അടക്കം പരിശോധിച്ചപ്പോഴാണ് 'കള്ളൻ കപ്പലിൽ' തന്നെയെന്ന് കണ്ടെത്തിയത്.ഇരുവരെയും പൊലീസ് ഉദ്യോഗസ്ഥർ മാറി മാറി മർദിക്കുന്നതടക്കം ദൃശ്യങ്ങളിൽ വ്യക്തമായിരുന്നു. പൊലീസ് നിലപാട് നാടകമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് കഴിഞ്ഞയാഴ്ച മൂന്ന് ഉദ്യോഗസ്ഥരെ സ്ഥലംമാറ്റിയിരുന്നു. കിളികൊല്ലൂർ എസ്.ഐ എ.പി. അനീഷ്, സീനിയർ സി.പി.ഒമാരായ ആർ. പ്രകാശ് ചന്ദ്രൻ, വി.ആർ. ദിലീപ് എന്നിവരെയാണ് സ്ഥലം മാറ്റിയത്.ഇപ്പോൾ സ്ഥലം മാറ്റിയവരെയും സ്റ്റേഷൻ ഹൗസ് ഓഫിസർ കെ. വിനോദിനെയും സസ്പെൻഡ് ചെയ്തു. അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ജില്ല ക്രൈം റെക്കോഡ്സ് ബ്യൂറോ അസിസ്റ്റൻറ് കമീഷണറെ ചുമതലപ്പെടുത്തി.നിജസ്ഥിതി പുറത്തുവന്നെങ്കിലും നിരപരാധികളായ സഹോദരങ്ങൾ അനുഭവിച്ച മാനസിക, ശാരീരിക പീഡനത്തിന് എന്തുപരിഹാരമെന്ന ചോദ്യമാണുയരുന്നത്. ഉദ്യോഗസ്ഥരുടെ തെറ്റായ തീരുമാനം ചോദിച്ചാൽ പ്രതിയാക്കി ഒരു മനുഷ്യനെ തന്നെ ഇല്ലാതാക്കി മാറ്റുന്ന പൊലീസിൻറെ ഈ പ്രവണത എന്ന് അവസാനിക്കുമെന്നാണ് സമൂഹത്തിൽ നിന്നുയരുന്ന ചോദ്യം.കിളികൊല്ലൂർ സംഭവത്തിൽ നിജസ്ഥിതി ബോധ്യപ്പെട്ട് മുൻ മന്ത്രി മേഴ്സിക്കുട്ടിയമ്മ ശക്തമായ നിലപാടെടുത്ത് സഹോദരങ്ങൾക്കൊപ്പം നിന്നതോടെയാണ് കേസിൽ വഴിത്തിരിവുണ്ടായത്. സ്റ്റേഷനിലെ കാമറ ദൃശ്യങ്ങൾ തന്നെ നടന്ന യാഥാർഥ്യം പുറത്തുകൊണ്ടുവന്നതിനാൽ പൊലീസ് ഉദ്യോഗസ്ഥർക്ക് ന്യായീകരിക്കാനും കഴിയുന്നില്ല.

# മരുതിമലയിൽ മൂന്ന് ഹെക്ടർ ഭൂമി സ്വകാര്യ വ്യക്തികളുടേതെന്ന് റവന്യൂ വകുപ്പ്



**ഓയൂർ:** മരുതിമല ഇക്കോ ടൂറിസം പദ്ധതി ഭൂമിയിൽ മൂന്ന് ഹെക്ടർ സ്വകാര്യ വ്യക്തികളുടേതാണെന്ന് സർവേ വകുപ്പ് കണ്ടെത്തിയതായി കൊട്ടാരക്കര തഹസിൽദാർ പി. ശുഭൻ 'മാധ്യമ'ത്തോട് പറഞ്ഞു. ഒരു മാസം മുമ്പാണ് ഇക്കോ ടൂറിസം ഭൂമിയായ മരുതിമലയിൽ കലക്ടർ അഫ്സാന പർവീണിൻറെ സാന്നിധ്യത്തിൽ സർവേ വകുപ്പ് 38 ഏക്കർ വരുന്ന ഭൂമി അളന്നത്.നാല് ദിവസം മുമ്പാണ് സർവേ പൂർത്തിയായത്. തുടർന്ന് റിപ്പോർട്ട് തഹസിൽദാറിന് കൈമാറി. സ്വകാര്യ വ്യക്തിക്ക് മലമുകളിൽ ഭൂമിയുള്ളതായി തഹസിൽദാർ കലക്ടർക്ക് റിപ്പോർട്ട് നൽകി. മലമുകളിൽ ഒന്നരയേക്കർ ഭൂമിയുടെ പട്ടയം ഉണ്ടെന്ന അവകാശ വാദവുമായി സ്വകാര്യവ്യക്തി ഹൈകോടതിയെ സമീപിച്ചിരുന്നു. ഹൈകോടതി രേഖ പരിശോധനയിൽ സ്വകാര്യവ്യക്തിക്ക് അനുകൂല നിലപാട് സ്വീകരിച്ച് ഇക്കോ ടൂറിസം ഭൂമി അളന്ന് തിട്ടപ്പെടുത്താൻ കലക്ടറിന് നിർദേശം നൽകി. തുടർന്നാണ് സർവേ വകുപ്പ് ഭൂമി അളക്കൽ പ്രവർത്തനങ്ങൾ ആരംഭിച്ചത്. സർവേയിൽ സ്വകാര്യവ്യക്തിക്ക് അനുകൂലമായ സാഹചര്യമാണുണ്ടായത്.വെളിയം പഞ്ചായത്ത് അധികൃതർ സ്വകാര്യവ്യക്തിയുടെ കൈയിലുള്ള രേഖ വ്യാജ പട്ടയമാണെന്ന അവകാശവുമായി രംഗത്തുവന്നിട്ടുണ്ട്. സർവേയിൽ നിരവധി പേർക്ക് ഇക്കോ ടൂറിസം ഭൂമിയിൽ വസ്തുവുള്ളതായി കണ്ടെത്തിയിട്ടുണ്ട്.ഓടനാവട്ടം വില്ലേജിലെ രേഖകൾ പരിശോധിച്ച് കൃത്യമായി എത്ര പേർക്കാണ് മലമുകളിൽ ഭൂമിയുള്ളതെന്ന് കണ്ടെത്താനുള്ള ശ്രമമാണ് റവന്യൂ വകുപ്പ് നടത്തുന്നത്. സ്വകാര്യ വ്യക്തിയുടേത് സർക്കാർ നൽകിയ പട്ടയമാണോ വ്യാജമാണോയെന്ന് പരിശോധിക്കുമെന്ന് തഹസിൽദാർ പറഞ്ഞു.2007ലാണ് മരുതിമല ഇക്കോ ടൂറിസം പദ്ധതിയായി അന്നത്തെ വനം മന്ത്രി ബിനോയ് വിശ്വം പ്രഖ്യാപിച്ചത്. തുടർന്ന് ഒന്നാം ഘട്ടത്തിനായി 36 ലക്ഷം അനുവദിച്ചിരുന്നു. ഇതിൻറെ അടിസ്ഥാനത്തിൽ മലമുകളിൽ വഴി വെട്ടൽ, ഫെൻസിങ്, കെട്ടിടം എന്നിവയാണ് നിർമിച്ചത്.ആദ്യഘട്ടത്തിൻറെ ഉദ്ഘാടനം രണ്ട് വർഷം മുമ്പ് കഴിഞ്ഞിരുന്നു. ഇക്കോ ടൂറിസത്തിൻറെ ഭാഗമായ നിരവധി പാറക്കൂട്ടങ്ങൾ സർവേ നടത്തിയതിൽ സ്വകാര്യ വ്യക്തിയുടെ കൈകളിലായ അവസ്ഥയിലാണ്. ഇത് ഇക്കോ ടൂറിസത്തിന് പ്രശ്നമാകുമോയെന്ന ആശങ്കയിലാണ് ടൂറിസം വകുപ്പും നാട്ടുകാരും.2006 കാലഘട്ടത്തിൽ സ്വകാര്യവ്യക്തികൾ മലയുടെ ഒരുഭാഗം പാറ ഖനനം ചെയ്തിരുന്നു. തുടർന്ന് നിരവധി സമരപോരാട്ടത്തിനൊടുവിലാണ് ഖനനം നിർത്തിവെച്ചത്. ഇതിന് സമാനമായ സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്.മൂന്നേക്കർ ഭൂമി സ്വകാര്യവ്യക്തികളുടെ കൈകളിലായതോടെ ഭൂനിരപ്പിൽനിന്ന് 1000 അടി മലമുകളിൽനിന്ന് ഖനനം ചെയ്യാൻ സർക്കാറിൽനിന്ന് അനുമതി വാങ്ങാൻ സാധിക്കും. എന്നാൽ, ഇക്കോ ടൂറിസത്തിൻറെ ഭാഗമായ ഭൂമി സമീപത്തായിയുള്ളതിനാൽ ഖനനം ചെയ്യാനുള്ള അനുമതി ലഭിക്കില്ലെന്ന് റവന്യൂ വകുപ്പ് അധികൃതർ പറഞ്ഞു. മല നിൽക്കുന്ന റവന്യൂ ഭൂമിയിൽ സ്വകാര്യ വ്യക്തികൾക്ക് വസ്തു ലഭിച്ചത് എങ്ങനെയാണെന്ന് റവന്യൂ വകുപ്പ് പരിശോധിക്കും.ഇക്കോ ടൂറിസത്തിൻറെ പ്രവർത്തനങ്ങൾ തുടങ്ങി രണ്ടാം ഘട്ടത്തിലെത്തിയപ്പോൾ മാത്രമാണ് മലയുടെ അവകാശവുമായി സ്വകാര്യ വ്യക്തികൾ രംഗത്തുവന്നത്. ഇതിൽ ഗൂഢാലോചനയുണ്ടെന്ന് വെളിയം പഞ്ചായത്തധികൃതർ ആരോപിച്ചു.



# നിരത്ത് തിളങ്ങുന്നു; റാന്നി മണ്ഡലത്തിൽ ഉന്നത നിലവാരത്തിൽ പുനർനിർമിച്ച അഞ്ച് റോഡുകൾ തുറന്നു

**റാന്നി:** റാന്നി നിയോജക മണ്ഡലത്തിൽ ഉന്നത നിലവാരത്തിൽ പുനർനിർമിച്ച അഞ്ച് റോഡുകളുടെ ഉദ്ഘാടനം റാന്നി-ഐത്തല പാലം ജങ്ഷനിൽ മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിച്ചു.ശബരിമല സ്ഥിതി ചെയ്യുന്ന റാന്നി മണ്ഡലത്തിലെ അഞ്ച് റോഡുകൾ 28 കോടി രൂപ വിനിയോഗിച്ചാണ് ബിഎം, ബിസി നിലവാരത്തിലേക്ക് ഉയർത്തിയത്.റാന്നി പാലം നിർമാണവുമായി ബന്ധപ്പെട്ട് കലക്ടർ മുൻകൈയെടുത്ത് യോഗം വിളിച്ചു ചേർക്കുമെന്നും മന്ത്രി പറഞ്ഞു.അഡ്വ. പ്രമോദ് നാരായൺ എം.എൽ.എ അധ്യക്ഷത വഹിച്ചു. പൊതുമരാമത്ത് വകുപ്പ് വിവിധപദ്ധതികളിൽ ഉൾപ്പെടുത്തി ആധുനിക നിലവാരത്തിൽ നിർമാണം പൂർത്തിയാക്കിയ കുമ്പളാംപൊയ്ക-ഉതിമൂട്-പേരൂർചാൽ ശബരിമല വില്ലേജ് റോഡ് (10 കോടി), റാന്നി ഔട്ടർ റിങ് റോഡ് (7.70 കോടി), ഇട്ടിയപ്പാറ-കിടങ്ങമൂഴി റോഡ് (5.25 കോടി), റാന്നി-കുമ്പളന്താനം റോഡ് (3.50 കോടി), മുക്കട -ഇടമൺ റോഡ് (2.50 കോടി) എന്നിവയുടെ ഉദ്ഘാടനമാണ് നടന്നത്.ആന്റോ ആന്റണി എം.പി, കലക്ടർ ഡോ. ദിവ്യ എസ്. അയ്യർ, മുൻ എം.എൽ.എ രാജു എബ്രഹാം, റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. ഗോപി, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇന്ദിരാദേവി, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ചന്ദ്രമോഹൻ, ചെറുകോൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ആർ. സന്തോഷ്, വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലതാ മോഹൻ, പഴവങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അനിത അനിൽ കുമാർ, അങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു റെജി, കൊറ്റനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രകാശ് പി. സാം, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ജോർജ് എബ്രഹാം, ജെസി അലക്സ്, രാജി പി. രാജപ്പൻ, ബ്ലോക്ക് പഞ്ചയത്തംഗം സിബി താഴത്തില്ലത്ത്, റാന്നി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സിന്ധു സഞ്ജയൻ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ പി.എം. സാബു, ബ്രില്ലി ബോബി എബ്രഹാം, പി.ഡബ്ല്യു.ഡി സെക്രട്ടറി അജിത് കുമാർ, നിരത്ത് വിഭാഗം എക്സിക്യൂട്ടിവ് എൻജിനീയർ ബി. വിനു, സൂപ്രണ്ടിങ് എൻജിനീയർ (പി.ഡബ്ല്യു.ഡി നിരത്ത് വിഭാഗം) പി.ടി. ജയ, അസി. എക്സി. എൻജിനീയർ വി. അംബിക, അസി. എൻജിനീയർ റീനാ റഷീദ്, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ ടി.എൻ. ശിവൻകുട്ടി, ടി.ജെ. ബാബുരാജ്, രാജു മരുതിക്കൽ, ഷൈൻ ജി. കുറുപ്പ്, ആലിച്ചൻ ആറൊന്നിൽ, സമദ് മേപ്രത്ത്, പാപ്പച്ചൻ കൊച്ചുമേപ്രത്ത്, ഫിലിപ്പ് കുരുടാമണിൽ, കെ. ആർ. ഗോപാലകൃഷ്ണൻ നായർ, റെജി കൈതവന, കെ.വി. കുര്യാക്കോസ്, മാത്യു ദാനിയേൽ, സനോജ് മേമന, എ.ആർ. വിക്രമൻ എന്നിവർ സംബന്ധിച്ചു.



# മരിയക്ക് വായ്പ, ഉണ്ണിക്ക് വീട്, സുമക്ക് വഴി; കലക്ടറുടെ അദാലത്തിൽ പരിഗണിച്ചത് 236 പരാതികൾ

**ആലപ്പുഴ:** ബാങ്ക് വായ്പക്കു വേണ്ട നിർദിഷ്ട സിബിൽ സ്കോർ ഇല്ലെന്നു കാണിച്ച് വിദ്യാഭ്യാസ വായ്പ നിഷേധിച്ച ബി-ടെക് വിദ്യാർഥിനിക്ക് വായ്പ ലഭ്യമാക്കാൻ ജില്ല ലീഡ് ബാങ്ക് മാനേജർക്ക് ജില്ല കലക്ടർ നിർദേശം നൽകി. മാവേലിക്കര താലൂക്കിൽ നടന്ന ജില്ല കലക്ടർ വി.ആർ. കൃഷ്ണ തേജയുടെ പൊതുജന പരാതിപരിഹാര അദാലത്തിലാണ് നടപടി. ചെന്നിത്തല തെക്കോട്ടിൽ തെക്കേതിൽ സുരേഷും മകൾ മരിയയുമാണ് പരാതിയുമായെത്തിയത്. ചെങ്ങന്നൂർ സ്വകാര്യ കോളജിലെ രണ്ടാം വർഷ വിദ്യാർഥിയായ മരിയ ആദ്യവർഷത്തെ കോളജ് ഫീസ് അടച്ചിരുന്നു. സുരേഷിന് കഴിഞ്ഞ വർഷം വാഹനാപകടത്തിൽ കൈക്ക് പരിക്കേറ്റതിനെ തുടർന്ന് ഫീസ് അടവ് മുടങ്ങി. തുടർന്നുള്ള വർഷങ്ങളിലെ ഫീസ് അടക്കാനാണ് മാവേലിക്കര പഞ്ചാബ് നാഷനൽ ബാങ്കിൽ വിദ്യാഭ്യാസ വായ്പക്ക് അപേക്ഷിച്ചത്. എന്നാൽ, രക്ഷാകർത്താവിന് മതിയായ സിബിൽ സ്കോർ ഇല്ലെന്നും അതിനാൽ വായ്പ അനുവദിക്കാൻ കഴിയില്ലെന്നുമായിരുന്നു ബാങ്കിൻറെ മറുപടി. ഇതിനെതിരായ പരാതിയിലാണ് തീർപ്പ്.വർഷങ്ങളായി വാടക വീട്ടിൽ താമസിക്കുന്ന തഴക്കര വില്ലേജിലെ ലക്ഷം വീട് കോളനിയിൽ ഉണ്ണിക്കും കുടുംബത്തിനും സ്വന്തമായി വീട് യാഥാർഥ്യമാകും. ജില്ല കലക്ടർ കൃഷ്ണ തേജ ഇവരെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്താൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.2003ൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി വാങ്ങാൻ ലഭിച്ച 15,000 രൂപ വിനിയോഗിച്ച് നാല് സെന്റ് ഭൂമി വാങ്ങി. എന്നാൽ, പിന്നീടാണ് ആ ഭൂമി വാസയോഗ്യമല്ല എന്ന് മനസ്സിലാക്കുന്നത്. തുടർന്നായിരുന്നു പരാതി.അപകടത്തെ തുടർന്ന് കാലിനു പരിക്ക് പറ്റിയ തഴക്കര ഗ്രാമപഞ്ചായത്ത് കുന്നം മുറിയിൽ സുമ ആനന്ദൻ വീട്ടിലേക്ക് വഴി വേണമെന്ന പരാതിയുമായാണ് അദാലത്തിൽ എത്തിയത്. വഴി ലഭിക്കാൻ വേണ്ട നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കാമെന്ന് കലക്ടർ ഉറപ്പ് നൽകി. സ്റ്റേജിലേക്ക് കയറാനുള്ള ബുദ്ധിമുട്ട് മനസ്സിലാക്കിയ കലക്ടർ വേദിയിൽ നിന്നിറങ്ങി സുമക്ക് സമീപം ചെന്നാണ് വിവരങ്ങൾ ചോദിച്ചറിഞ്ഞത്. വിധവകളായ സുമയും ചേച്ചിയും ഒരു അഗതിയും നാലു കുട്ടികളും ചേരുന്ന കുടുംബം സ്വന്തം വീട്ടിലേക്ക് എത്താൻ റബർ തോട്ടത്തിലൂടെയും തോടിൻറെ വരമ്പിലൂടെയുമാണ് സഞ്ചരിക്കുന്നത്. ലൈഫ് ഭവന പദ്ധതിയിലൂടെ വീട് ലഭിച്ചെങ്കിലും നിർമാണം പൂർത്തിയാകാത്ത അവസ്ഥയിലാണ്.അദാലത്തിൽ ആകെ 236 പരാതികൾ പരിഗണിച്ചു. വ്യാഴാഴ്ച മാത്രം മാവേലിക്കര താലൂക്ക് പരിധിയിലെ വിവിധ സർക്കാർ ഓഫിസുകളുമായി ബന്ധപ്പെട്ട 157 പരാതികളാണ് ലഭിച്ചത്. എം.എസ്. അരുൺ കുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. നഗരസഭ ചെയർമാൻ കെ.വി. ശ്രീകുമാർ അധ്യക്ഷത വഹിച്ചു.



# നഗരസഭ കവാടത്തിൽ ചളിവെള്ളം ഒഴിച്ചു; മൂന്നുപേർ അറസ്റ്റിൽ

**ഈരാറ്റുപേട്ട:** നഗരസഭ കവാടത്തിൽ ചളിവെള്ളം ഒഴിക്കുകയും ജീവനക്കാരനെ കൈയേറ്റം ചെയ്യുകയും ചെയ്ത സംഭവത്തിൽ മൂന്നുപേരെ പൊലീസ് അറസ്റ്റ് ചെയ്തു. നടക്കൽ പാറനാനിയിൽ നജീബ്, മകൻ അൻസാർ, സക്കീർ കൊല്ലംപറമ്പ് എന്നിവരെയാണ് പൊതുസ്ഥാപനത്തിൽ അതിക്രമം കാണിച്ചു, ജീവനക്കാരുടെ കൃത്യനിർവഹണം തടസ്സപ്പെടുത്തി എന്നീ വകുപ്പുകൾ ചുമത്തി അറസ്റ്റ് ചെയ്തത്. വ്യാഴാഴ്ച രാവിലെ 11നാണ് സംഭവം. പാതിവഴിയിലായ നഗരസഭ ഏഴാം വാർഡിലെ ഈ ലക്കയം പമ്പ് ഹൗസ് റോഡ് സഞ്ചാരയോഗ്യമാക്കാത്തതിൽ പ്രതിഷേധിച്ച് കാട്ടാമല പൗരസമിതി നേതൃത്വത്തിൽ നഗരസഭ ഓഫിസ് പടിക്കലേക്ക് ധർണ സംഘടിപ്പിച്ചിരുന്നു. ഈ ധർണക്കിടയിലാണ് നിർമാണം നടക്കുന്ന റോഡിലെ ചളിവെള്ളവുമായി എത്തിയ പ്രതിഷേധക്കാരിൽ ചിലർ നഗരസഭ കവാടത്തിൽ ഒഴിച്ചത്.സംഭവം വിഡിയോയിൽ പകർത്തിയ ജീവനക്കാരന്റെ ഫോൺ പിടിച്ചുവാങ്ങിക്കാൻ ശ്രമിക്കുകയും ജീവനക്കാരനെ ഓഫിസിൽ കയറി തള്ളുകയും ചെയ്തു. സെക്രട്ടറിയുടെ പരാതിയിൽ നഗരസഭയിലെ കാമറ പരിശോധിച്ച ശേഷമാണ് കുറ്റക്കാർക്കെതിരെ കേസെടുത്തത്. ഇവരെ കോടതിയിൽ ഹാജരാക്കി. കാലാവസ്ഥ പ്രതികൂലമായതുകൊണ്ടാണ് റോഡുപണി പൂർത്തിയാക്കാൻ കഴിയാത്തത് എന്നും മെറ്റീരിയലുകൾ ഇറക്കി ഉടൻ പണി ആരംഭിക്കുമെന്നും വാർഡ് കൗൺസിലറും നഗരസഭ വൈസ് ചെയർമാനുമായ അഡ്വ. മുഹമ്മദ് ഇല്യാസ് പറഞ്ഞു.



## പരിശോധനക്കെത്തിയ ഭക്ഷ്യസുരക്ഷ ജീവനക്കാരെ ഹോട്ടലിൽ പൂട്ടിയിട്ടു

**വെള്ളറട:** ആര്യങ്കോട് ചെമ്പൂരിൽ പരിശോധനക്കെത്തിയ ഭക്ഷ്യസുരക്ഷാ വിഭാഗം ജീവനക്കാരെ ഹോട്ടലിൽ പൂട്ടിയിട്ടു. വ്യാഴാഴ്ച ചെമ്പൂര് വലിയവിളപ്പുറത്തുള്ള വിൻസെന്റിന്റെ ഉടമസ്ഥതയിലുള്ള അജീഷ് ഹോട്ടലിലാണ് പൊലീസിന്റെ സാന്നിധ്യത്തിൽ പാറശ്ശാല ഭക്ഷ്യസുരക്ഷ ഓഫീസിൽനിന്ന് പരിശോധനക്കെത്തിയ വനിത ജീവനക്കാരുൾപ്പെടെയുള്ളവരെ ഹോട്ടലുടമയുടെ നേതൃത്വത്തിൽ പൂട്ടിയിട്ടത്.ഭക്ഷ്യസുരക്ഷ വിഭാഗം കമീഷണർക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഈ ഹോട്ടലിൽ നേരത്തേ പരിശോധന നടത്തിയിരുന്നു.വൃത്തിഹീനമായ അന്തരീക്ഷത്തിലാണ് ആഹാരങ്ങൾ പാകംചെയ്യുന്നതെന്നും പഴകിയ ഭക്ഷണമാണ് വിൽക്കുന്നതെന്നും പഞ്ചായത്തിന്റെ ലൈസൻസില്ലാതെയാണ് സ്ഥാപനം പ്രവർത്തിക്കുന്നതെന്നും കണ്ടെത്തിയതിനെ തുടർന്ന് കടയ്ക്കെതിരെ നോട്ടീസ് നൽകുകയും പിഴ ചുമത്തുകയും ചെയ്തിരുന്നു.പോരായ്മകൾ പരിഹരിച്ച് തുറക്കാൻ അനുമതി വാങ്ങണമെന്നും നിർദേശിച്ചിരുന്നു. എന്നാൽ, ഇത് പാലിക്കാതെ ഉദ്യോഗസ്ഥർ എത്തിയപ്പോൾ സ്ഥാപനം തുറന്നിരിക്കുന്നത് ശ്രദ്ധയിൽപെട്ടു. തുടർന്ന് ആര്യങ്കോട് പൊലീസ് സ്റ്റേഷനിൽ ബന്ധപ്പെട്ട് പൊലീസിന്റെ സാന്നിധ്യത്തിലാണ് ഉദ്യോഗസ്ഥർ പരിശോധനക്കെത്തിയത്. ഇതിനിടയിൽ ജീവനക്കാരെ തടഞ്ഞുവെച്ച് കടക്കുള്ളിലാക്കി പൂട്ടുകയായിരുന്നു. സംഭവമറിഞ്ഞ് ആര്യങ്കോട് എസ്.ഐ രാജേഷിന്റെ നേതൃത്വത്തിൽ കൂടുതൽ പൊലീസെത്തിയാണ് ജീവനക്കാരെ മോചിപ്പിച്ചത്. തുടർന്ന് പൊലീസിന്റെ സാന്നിധ്യത്തിൽ സ്ഥാപനം സീൽ ചെയ്തു.



## പ്രവൃത്തിപരിചയ മേള: പരിമിതികളെ അതിജീവിച്ച് നന്ദനക്ക് ഒന്നാം സ്ഥാനം

**കോഴഞ്ചേരി:** കോഴഞ്ചേരി ഉപജില്ല പ്രവൃത്തിപരിചയ മേളയിൽ ഇക്കണോമിക് ന്യൂട്രീഷൻ ഫുഡ് ഐറ്റംസ് ആൻഡ് വെജിറ്റബിൾ ഫ്രൂട്ട് പ്രിസർവേഷൻ ഐറ്റം നിർമാണത്തിൽ (ഹൈസ്കൂൾ വിഭാഗം) പരിമിതികളെ അതിജീവിച്ച് നന്ദന ഒന്നാം സ്ഥാനം നേടി.നാരങ്ങാനം ഗവ. ഹൈസ്കൂൾ ഒമ്പതാം ക്ലാസ് വിദ്യാർഥിനിയാണ്. ജന്മന അരക്കുതാഴെ തളർന്ന് ചലനശേഷി നഷ്ടപ്പെട്ട നന്ദന ഗൃഹാധിഷ്ഠിത വിദ്യാഭ്യാസമാണ് നടത്തുന്നത്. പഠനത്തിലും മിടുക്കിയായ ഈ പെൺകുട്ടി പാചകത്തോടൊപ്പം സീഡ് പെൻ, എൻവലപ്, പേപ്പർ ഫയൽ എന്നിവയുടെ നിർമാണത്തിലും ഏർപ്പെടുന്നുണ്ട്. പ്ലാവില തോരൻ, ചേന മീൻ കറി, വൈറ്റ് സോസ്, ചെമ്പരത്തിപ്പൂവ് ജ്യൂസ്, ഫ്രൈഡ് റൈസ്, കപ്പ പുഴുങ്ങിയത് കാന്താരി ചമ്മന്തി, ഫ്രൂട്ട് സലാഡ്, വെജിറ്റബിൾ സലാഡ്, സംഭാരം, കാരറ്റ് പുട്ട് തുടങ്ങിയ പതിനൊന്നിലധികം ഭക്ഷ്യവിഭവങ്ങൾ രണ്ടുമണിക്കൂർ കൊണ്ട് പാചകം ചെയ്താണ് ഒന്നാം സ്ഥാനം നേടിയത്.നന്ദനയുടെ പഠന പഠനേതര പ്രവർത്തനങ്ങൾക്ക് പൂർണ പിന്തുണയും സഹായവും നൽകുന്നത് കോഴഞ്ചേരി ബി.ആർ.സിയിലെ സ്പെഷൽ എജുക്കേറ്ററായ പ്രിയ പി. നായരാണ്. നാരങ്ങാനം ചാന്ദ്രത്തിൽപടി കുറിയനേത്ത് വീട്ടിൽ ഓട്ടോ ഡ്രൈവറായ മനോജിൻറെയും ശ്രീവിദ്യയുടെയും മകളാണ്. ഹൃദ്രോഗബാധയെ തുടർന്ന് വീട്ടിൽ വിശ്രമിക്കുന്ന മനോജ് ജീവിതപ്രാരാബ്ധങ്ങൾക്ക് നടുവിലും എല്ലാ പിന്തുണയുമായി മകൾക്കൊപ്പമുണ്ട്. നാരങ്ങാനം ജി.എച്ച്.എസിൽ അഞ്ചാം ക്ലാസിൽ പഠിക്കുന്ന കീർത്തന ഏക സഹോദരിയാണ്.



## ലൈസൻസില്ലാതെ പടക്ക വിൽപന വ്യാപകമാകുന്നു

**നെയ്യാറ്റിൻകര:** ദീപാവലിക്ക് ദിവസങ്ങൾ മാത്രം ശേഷിക്കെ നെയ്യാറ്റിൻകര താലൂക്കിൻറെ വിവിധ പ്രദേശങ്ങളിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന പടക്ക വിൽപന കേന്ദ്രങ്ങൾ വ്യാപകം. സുരക്ഷയില്ലാത്ത പന്തൽ കെട്ടിയാണ് താൽക്കാലിക വിൽപന കേന്ദ്രങ്ങൾ നടത്തിവരുന്നത്. വിജിലൻസ് സംഘം മുൻവർഷങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിൻറെ ഭാഗമായി താലൂക്ക് ഓഫിസിൽ പരിശോധന നടത്തിയിരുന്നു.ശിവകാശിയിൽ നിന്നും നികുതി വെട്ടിച്ചാണ് ഇവിടെ പടക്ക വിൽപന നടത്തുന്നത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കടകളിൽ ലക്ഷങ്ങളുടെ വിൽപനയുണ്ട്. ഇത്തരത്തിൽ നടക്കുന്ന വിൽപനയിലൂടെ സർക്കാറിനും നികുതി നഷ്ടം ലക്ഷങ്ങളാണ്. അതിർത്തി കടന്ന് ബസിലും മറ്റുമാണ് പടക്കം സുരക്ഷിതമല്ലാതെ കൊണ്ടുവരുന്നത്.




## എക്സൈസ് വകുപ്പിൽ പിടിപ്പതു ജോലി; ചെയ്യാനാളില്ല

**ആലപ്പുഴ:** ലഹരി വിരുദ്ധ ബോധവത്കരണം, പരിശോധനകൾ, എൻഫോഴ്സ്മെൻറ് പ്രവർത്തനം -എക്സൈസ് വകുപ്പിൽ പിടിപ്പത് പണിയുണ്ടെങ്കിലും ആവശ്യത്തിന് ജീവനക്കാരില്ല. ജില്ലയിലെ 72 പഞ്ചായത്തിലും ആറ് നഗരസഭകളിലും ലഹരി വിമുക്ത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ എക്സൈസ് വകുപ്പിന് ജില്ലയിലുള്ളത് 300ൽ താഴെ ഉദ്യോഗസ്ഥർ മാത്രം. സംസ്ഥാനത്താകെ 5,800 ഉദ്യോഗസ്ഥരാണ് എക്സൈസിലുള്ളത്. ആൾശേഷി കുറവ് എക്സൈസിൻറെ പ്രവർത്തനത്തെ ബാധിക്കുകയാണ്. ലഹരി വിമുക്തി പദ്ധതിയുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ഉദ്യോഗസ്ഥർ ഓട്ടത്തിലാണ്. ഒരുപാട് പരിപാടികൾ ഒന്നിച്ച് വന്നാൽ മറ്റു ഡ്യൂട്ടികൾക്ക് ആളില്ലെന്നതാണ് സ്ഥിതി. അതിനാൽ സമയക്രമം തീരുമാനിച്ചാണ് വാർഡ്തല സമിതികളുൾപ്പെടെ ചേരുന്നത്. ഉദ്യോഗസ്ഥരുടെ കുറവിനൊപ്പം വിവിധ വകുപ്പുകളുമായുള്ള ഏകോപനക്കുറവും പ്രശ്നമാകുന്നുണ്ട്. ലഹരി വിമുക്ത പരിപാടിയോടനുബന്ധിച്ച് ഉദ്യോഗസ്ഥർ ബോധവത്കരണത്തിന് നിയോഗിക്കപ്പെട്ടതോടെ കേസുകൾ പിടിക്കാൻ ആളില്ലാത്ത സ്ഥിതിയാണ്. ലഹരി വിമുക്തി പരിപാടിക്ക് പുറമെ നാർകോട്ടിക് ഡ്രഗ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് (എൻ.ഡി.പി.എസ്) ഡ്രൈവും നടക്കുന്നുണ്ട്. ഇതിനു പുറമെയാണ് മിനിസ്റ്റീരിയൽ ജോലികൾ മുതൽ പാറാവ് ഡ്യൂട്ടിക്കു വരെ ഉദ്യോഗസ്ഥരെ കണ്ടെത്തേണ്ടത്.എൻഫോഴ്സ്മെൻറ് ജോലികൾക്ക് പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ മിനിസ്റ്റീരിയൽ ജോലിക്ക് ഉപയോഗിക്കുന്നത് ഒഴിവാക്കണമെന്ന് വർഷങ്ങളായി എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നതാണ്. പലയിടത്തും ഡ്രൈവർമാരുടെയും വാഹനങ്ങളുടെയും അഭാവവും ഉണ്ട്.



## പാലക്കാട് വൃദ്ധന്റെ കവിൾ തെരുവുനായ കടിച്ചെടുത്തു, തുന്നിച്ചേർക്കാനാകില്ലെന്ന് ഡോക്ടർമാർ

**പാലക്കാട്:** തെരുവുനായയുടെ ആക്രമണത്തിൽ വയോധികന് ഗുരുതരപരിക്ക്. മുഖത്തെ മാംസം നായ കടിച്ചെടുത്തു. പാലക്കാട് കൊടുവായൂർ കാക്കയൂർ ആണ്ടിത്തറയിലാണ് സംഭവം.നായയുടെ ആക്രമണത്തിൽ മറ്റ് നാലുപേർക്കും പരിക്കേറ്റു. കാക്കയൂർ സ്വദേശി വയ്യാപുരി എന്നയാളുടെ മുഖത്താണ് നായ കടിച്ചത്.സമീപവാസിയായ ഒരാളെ നായ ആക്രമിക്കുന്നത് കണ്ട് രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെയാണ് വയ്യാപുരിയ്ക്ക് കടിയേറ്റത്. മുഖത്തിന് നേരെ ചാടിവീണ നായ കവിൾ കടിച്ചെടുക്കുകയായിരുന്നു. ഇദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. കടിയേറ്റ ഭാഗത്ത് മാംസം ഇല്ലാത്തതിനാൽ തുന്നിച്ചേർക്കാൻ ആകാത്ത അവസ്ഥയിലാണെന്ന് ഡോക്ടർമാർ പറയുന്നു. കൊടുവായൂർ സ്വദേശികളായ കണ്ണൻ, ഭാര്യ കോമള എന്നിവർക്കും നായയുടെ കടിയേറ്റു.



## മൈനാഗപ്പള്ളിയുടെ ചിരകാല സ്വപ്നം യാഥാർഥ്യത്തിലേക്ക്

**മൈനാഗപ്പള്ളി:** ശാസ്താംകോട്ട, കരുനാഗപ്പള്ളി റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ മൈനാഗപ്പള്ളിയിൽ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമാണത്തിന് ഭരണാനുമതി. 49.98 കോടിയുടെ അനുമതി ലഭിച്ചതായി കോവൂർ കുഞ്ഞുമോൻ എം.എൽ.എ അറിയിച്ചു.നിർമാണത്തിന് സ്ഥലം ഏറ്റെടുപ്പ് നടപടികളെക്കുറിച്ച് ആലോചിക്കുന്നതിന് കലക്ടറുടെ ചേംബറിൽ യോഗം ചേർന്നു. സർവേ നടപടികൾക്കായി സ്പെഷൽ ടീമിനെ നിയമിക്കും. സർവേ പൂർത്തിയാകുന്നതിനൊപ്പം ഉടമകളിൽനിന്നും വസ്തു ഏറ്റെടുത്ത് നിർമാണം ആരംഭിക്കാനാണ് തീരുമാനം. മാളിയേക്കലിൽ മേൽപാലത്തിന്റെ നിർമാണം അന്തിമഘട്ടത്തിലാണ്. രണ്ട് മേൽ പാലങ്ങളും പൂർത്തിയാകുന്നതോടെ പ്രദേശത്തെ ഗതാഗതരംഗത്തും വികസനരംഗത്തും വൻ മാറ്റം ഉണ്ടാകും.മൈനാഗപ്പള്ളി തടത്തിൽ മുക്കിൽ റെയിൽവേ മേൽപാലം നിർമിക്കുന്നതിന് അനുമതി ലഭിച്ചതോടെ ജനങ്ങളുടെ ചിരകാല സ്വപ്നവും പൂവണിയുകയാണ്.



## പോര് തെരുവിലേക്ക്; ഗവർണർക്കെതിരായ രാ ജ്ഭവന് മുന്നിലെ സമരത്തിൽ മുഖ്യമന്ത്രി പങ്കെടുക്കും, സ്വപ്ന പറഞ്ഞതിനോട് പ്രതികരിക്കാനില്ലെന്ന് എം വി ഗോവിന്ദൻ

**തിരുവനന്തപുരം:** ഗവർണർ ആരിഫ് മുഹമ്മദ് ഖാനെതിരെ സംസ്ഥാന വ്യാപക പ്രതിഷേധത്തിന് എൽഡിഎഫ് തീരുമാനമായി. അടുത്തമാസം 15ന് സംസ്ഥാനത്ത് രാജ്ഭവനിലും വിവിധ ജില്ലാ കേന്ദ്രങ്ങളിലും പ്രതിഷേധ പരിപാടികൾ നടക്കും.രാജ്ഭവന് മുന്നിൽ നടക്കുന്ന പ്രതിഷേധ കൂട്ടായ്മയിൽ മുഖ്യമന്ത്രി പിണറായി വിജയനും പങ്കെടുക്കുമെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ അറിയിച്ചു. ഇതോടെ ഏറെനാളായി വാക്കുകളിലൂടെ നടക്കുന്ന ഗവർണർ-സർക്കാർ പോര് തെരുവിലേക്ക് എത്തുകയാണ്.സംസ്ഥാനത്തെ വിവിധ ജില്ലാ കേന്ദ്രങ്ങളിലും പ്രതിഷേധ പരിപാടികൾ നടക്കും. സർവകലാശാലകളിലെ നിയമന വിഷയത്തിലും മന്ത്രിമാരുടെ അഭിപ്രായ പ്രകടനത്തിലും കടുത്ത എതിർപ്പ് ഗവർണർ പ്രകടിപ്പിച്ചതോടെയാണ് സർക്കാരുമായി ഗവർണറുടെ പോര് തുടങ്ങിയത്. മുൻ മന്ത്രിമാരടക്കം സിപിഐഎം നേതാക്കൾക്കെതിരായ സ്വപ്നയുടെ ആരോപണങ്ങളോട് പ്രതികരിക്കാനില്ലെന്ന് എം.വി ഗോവിന്ദൻ അറിയിച്ചു. അപവാദ പ്രചാരണങ്ങൾ തുടർക്കഥയാണെന്നും എപ്പോഴും പ്രതികരിക്കേണ്ട ബാധ്യതയില്ലെന്നും അദ്ദേഹം പറഞ്ഞു. സ്വപ്നയുടെ ആരോപണങ്ങൾക്ക് പിന്നിൽ പ്രതിപക്ഷമാണെന്നും എം വി ഗോവിന്ദൻ അഭിപ്രായപ്പെട്ടു. യഥാർത്ഥ പ്രശ്നമായ സ്വർണക്കടത്ത് കേസിൽ നിന്നും വഴിതിരിച്ചുവിടാനാണ് ഈ ആരോപണങ്ങളെന്നും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു.



## ബാർബർ ഷോപ്പിൽ നിന്ന് മുടി കൈക്കലാക്കി അന്വേഷണം വഴിതെറ്റിക്കാൻ ശ്യാംജിത്തിന്റെ അതിബുദ്ധി, ഒടുവിൽ കുടുങ്ങി

**കണ്ണൂർ:** പാനൂർ കൊലക്കേസിൽ പ്രതി ശ്യാംജിത്ത് അന്വേഷണം വഴിതെറ്റിക്കാൻ ശ്രമിച്ചതായും വിവരം. തെളിവെടുപ്പിനിടെ പ്രതിയുടെ ബാഗിൽ നിന്ന് പുരുഷന്റെ മുടി കണ്ടെടുത്തിരുന്നു.ബാർബർ ഷോപ്പിൽ നിന്ന് മുടിയെടുത്ത് ബാഗിൽ ഇടുകയായിരുന്നു. ഡി എൻ എ പരിശോധനയിൽ പൊലീസിനെ വഴിതെറ്റിക്കാനായിരുന്നു ഇത് ചെയ്തതെന്ന് പ്രതി മൊഴി നൽകിയതായാണ് വിവരം.പ്രതിയുടെ ബാഗിൽ നിന്ന് മുളകുപൊടിയും പൊലീസ് കണ്ടെടുത്തിരുന്നു. തെളിവ് നശിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ശ്യാംജിത്ത് മുളകുപൊടി അടക്കമുള്ളവ ബാഗിൽ സൂക്ഷിച്ചതെന്നാണ് വിവരം. കൊലപാതകത്തിന് ഉപയോഗിച്ച ചുറ്റിക, കത്തി, കൊലപാതക സമയം ധരിച്ചിരുന്ന വസ്ത്രങ്ങൾ എന്നിവയോടൊപ്പം വിഷ്ണുപ്രിയയുടെ വീട്ടിൽ നിന്ന് കണ്ടെടുത്ത കയറിന്റെ ഒരു ഭാഗവും കുളത്തിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയ ബാഗിലുണ്ടായിരുന്നു.കണ്ണൂർ മൊകേരി വള്ള്യായിയിൽ പട്ടാപ്പകൽ വീട്ടിൽ അതിക്രമിച്ചുകയറി ശ്യാംജിത്ത് ചുറ്റികകൊണ്ട് തലയ്ക്കടിച്ചശേഷം വിഷ്ണുപ്രിയയെ കഴുത്തറുത്തു കൊലപ്പെടുത്തുകയായിരുന്നു. ഖത്തറിൽ ജോലി ചെയ്യുന്ന മൊകേരി ഉമാമഹേശ്വരക്ഷേത്രത്തിന് സമീപം നടമ്മൽ കണ്ണച്ചാങ്കണ്ടി വിനോദിന്റെയും ബിന്ദുവിന്റെയും മകളായ വിഷ്ണുപ്രിയ പാനൂർ ന്യൂക്ലിയസ് ആശുപത്രിയിലെ ഫാർമസി ജീവനക്കാരിയാണ്. ഇന്നലെ രാവിലെ 11നായിരുന്നു സംഭവം. കൂത്തുപറമ്പ് മാനന്തേരി സ്വദേശി ശ്യാംജിത്ത് (25) പിന്നാലെ അറസ്റ്റിലാവുകയായിരുന്നു. മാനന്തേരി സത്രത്തിൽ പിതാവ് ശശിധരന്റെ ഹോട്ടലിലെ സഹായിയാണ് ശ്യാംജിത്ത്. ഇയാളുടെ സഹോദരിയും വിഷ്ണുപ്രിയയും സഹപാഠികളായിരുന്നു. ഇതുവഴിയാണ് വിഷ്ണുപ്രിയയെ പരിചയപ്പെട്ടത്. അഞ്ചുവർഷമായി പ്രണയത്തിലായിരുന്നെങ്കിലും കഴിഞ്ഞ കുറച്ചുമാസങ്ങളായി വിഷ്ണുപ്രിയ അകന്നതാണ് കൊലയ്ക്ക് കാരണമെന്നാണ് പ്രതിയുടെ മൊഴി.




## താത്ക്കാലിക ജോലിക്ക് എംപ്ലോയ്മെന്റ് വഴിയെടുത്ത യുവതിയെ ആറ് മാസം കഴിഞ്ഞ് പിരിച്ചു വിടാൻ മറന്നു, സ്ഥിരപ്പെടുത്താൻ കോടതി വിധി

**കൊല്ലം:** ആറ് മാസ കാലയളവിൽ എംപ്ലോയ്മെന്റ് വഴി പാർട്ട് ടൈം സ്വീപ്പറായി നിയമനം ലഭിച്ചയാളെ പിരിച്ചു വിടാൻ സ്ഥാപനം മറന്ന സാഹചര്യത്തിൽ സ്ഥിരപ്പെടുത്തി നിലവിലെ സ്കെയിലനുസരിച്ച് വേതനം നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ നിർദേശിച്ചു.കൊല്ലം ജവഹർ ബാലഭവനിൽ ജോലി ചെയ്യുന്ന മനയിൽകുളങ്ങര സ്വദേശിനി ഡി ശാന്തമ്മയെ സ്ഥിരപ്പെടുത്താനാണ് സാംസ്ക്കാരിക വകുപ്പ് ഡയറക്ടർക്ക് കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി നിർദ്ദേശം നൽകിയത്.2012 ജൂലൈ 5നാണ് പരാതിക്കാരിയെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 6 മാസത്തേക്ക് താത്കാലികമായി നിയമിച്ചത്. 6 മാസത്തിന് ശേഷം വിടുതൽ ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കേണ്ടതായിരുന്നു. എന്നാൽ നിലവിൽ സർവീസിൽ തുടരുന്നതിനാൽ പരാതിക്കാരിക്ക് ലഭിക്കേണ്ട അവസരങ്ങൾ നഷ്ടമായിരിക്കുകയാണെന്ന് റിപ്പോർട്ടിൽ പറയുന്നു.

## പ്രവാസി വ്യവസായിയെ കാറുകളിലെത്തിയ സംഘം തടഞ്ഞ് തട്ടിക്കൊണ്ടുപോയി; സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച് പൊലീസ്



**കോഴിക്കോട്:** താമരശേരിയിൽ രണ്ട് കാറുകളിലായെത്തിയ സംഘം ഇതേ ദിശയിൽ സ്കൂട്ടറിൽ സഞ്ചരിച്ചിരുന്ന പ്രവാസി വ്യവസായിയെ തട്ടിക്കൊണ്ടുപോയി.താമരശേരി അവേലം സ്വദേശി അഷറഫിനെ താമരശേരി-മുക്കം റോഡിലുള്ള വെഴുപ്പൂർ സ്കൂളിന് സമീപം തടഞ്ഞുനിർത്തി ബലമായി കാറിൽ കയറ്റിക്കൊണ്ടുപോകുകയായിരുന്നു. രാത്രി 9.40നായിരുന്നു സംഭവം. സമീപത്തെ സിസിടിവി ദൃശ്യങ്ങളിൽ നിന്നും സ്കൂട്ടർ തടഞ്ഞുനിർത്തുന്നതും ശേഷം പിന്നാലെ മറ്റൊരു കാർ വന്ന് നിർത്തുന്നതും കാണാം. ഇരുകാറിലെയും ആളുകൾ ബലംപ്രയോഗിച്ച് അഷറഫിനെ ആദ്യത്തെ വാഹനത്തിൽ കയറ്റി കടന്നുപോയി.മുക്കം ഭാഗത്ത് നിന്നും താമരശേരി ഭാഗത്തേക്കായിരുന്നു ഇരുവാഹനങ്ങളും. കൊടിയത്തൂർ കേന്ദ്രീകരിച്ചുള്ള സംഘമാണ് സംഭവത്തിന് പിന്നിലെന്നാണ് വിവരം. ഗൾഫിൽ വ്യാവസായിയായ അഷറഫിന് അവിടെവച്ചുണ്ടായ സാമ്പത്തിക ഇടപാടുകളാണ് സംഭവത്തിന് പിന്നിലെന്നാണ് അറിയുന്നത്. സംഭവത്തിൽ പ്രതികളായവരെ പൊലീസ് തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവരെ കണ്ടെത്താനായി താമരശേരി പൊലീസ് അന്വേഷണം വ്യാപകമാക്കി.


## ഐ.സി.യുവിൽ കിടന്ന രോഗി ഇറങ്ങിയോടി: സുരക്ഷ ജീവനക്കാരൻ പിറകെ ഓടി പിടികൂടി



**ഗാന്ധിനഗർ:** മെഡിക്കൽ കോളജിലെ ട്രോമാകെയർ യൂനിറ്റിലെ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന രോഗി ഇറങ്ങിയോടി. അപകടത്തിൽ ചികിത്സയിലായിരുന്ന അടിമാലി കൊരങ്ങാട്ടി, പ്ലാമലക്കുടി സ്വദേശി ഇന്ദ്രകുമാറാണ് (40) വാർഡിൽനിന്ന് പുറത്തേക്ക് ഇറങ്ങി ഓടിയത്. വെള്ളിയാഴ്ച രാവിലെ 10ഓടെയാണ് സംഭവം.അപകടത്തെ തുടർന്ന് ഗുരുതരാവസ്ഥയിലായിരുന്നു ഇന്ദ്രകുമാർ. ശാരീരിക അസ്വസ്ഥത പ്രകടിപ്പിച്ച ഇയാൾ അടിവസ്ത്രം മാത്രം ധരിച്ചാണ് തീവ്രപരിചരണ വിഭാഗത്തിൽനിന്ന് ഇറങ്ങി ഓടിയത്. രോഗി പുറത്തേക്ക് ഓടുന്നത് കണ്ട സുരക്ഷ ജീവനക്കാരൻ ഹരേഷ് ബാലു പിറകെ ഓടി ഇയാളെ പിടികൂടുകയായിരുന്നു. തുടർന്ന് ഇയാളെ വാർഡിൽ പ്രവേശിപ്പിച്ചു. ഇയാൾക്ക് മറ്റ് ആരോഗ്യ പ്രശ്നങ്ങളില്ലെന്നും അപകടത്തെ തുടർന്നുണ്ടായ ചില അസ്വസ്ഥതയാണ് ഓടാൻ കാരണമെന്നും ഡോക്ടർമാർ അറിയിച്ചു.



FILM WORLD







# മൂന്നാം വാരവും റോഷാക്കിന് ഹൗസ് ഫുൾ കളക്ഷൻ; പ്രദർശനം 87 തീയറ്ററുകളിൽ

റിലീസ് ചെയ്ത് മൂന്നാം വാരത്തിലും പ്രദർശന വിജയം തുടർന്ന് മമ്മൂട്ടി കേന്ദ്ര കഥാപാത്രമായി എത്തിയ റോഷാക്ക്. 87 തീയറ്ററുകളിലാണ് ചിത്രത്തിന്റെ പ്രദർശനം നടക്കുന്നത്. വമ്പൻ റിലീസുകൾക്കിടയിലും റോഷാക്ക് മുന്നിൽ തന്നെയാണ്. ലൂക്ക് ആന്റണിയേയും കൂട്ടരേയും കാണൻ പ്രേക്ഷകർ തീയറ്ററുകളിൽ ഒഴുകിയെത്തുന്നുണ്ട്. ഭീഷ്മപർവ്വത്തിന് ശേഷം മറ്റൊരു മമ്മൂട്ടി ചിത്രം കൂടി മെഗാ ഹിറ്റിലേക്ക് നീങ്ങുകയാണ്.ഒക്ടോബർ ഏഴിനായിരുന്നു റോഷാക്ക് പ്രദർശനത്തിനെത്തിയത്. ലൂക്ക് ആന്റണിയായാണ് മമ്മൂട്ടി ചിത്രത്തിൽ എത്തുന്നത്. കെട്ട്യോളാണെന്റെ മാലാഖ എന്ന ചിത്രത്തിന് ശേഷം നിസാം ബഷീർ ഒരുക്കിയ ചിത്രമാണ് റോഷാക്ക്. മമ്മൂട്ടി കമ്പനിയാണ് റോഷാക്ക് നിർമിച്ചത്. ജഗദീഷ്, ഷറഫുദ്ദീൻ, കോട്ടയം നസീർ, ഗ്രേസ് ആന്റണി, സഞ്ജു ശിവറാം, ബാബു അന്നൂർ, മണി ഷൊർണൂർ എന്നിവരാണ് മറ്റ് കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്.അഡ്വെഞ്ചേഴ്സ് ഓഫ് ഓമനക്കുട്ടൻ, ഇബ്ലീസ് എന്നീ ചിത്രങ്ങൾക്ക് തിരക്കഥ ഒരുക്കിയ സമീർ അബ്ദുളാണ് തിരക്കഥ ഒരുക്കിയിരിക്കുന്നത്. ബാദുഷയാണ് പ്രൊജക്ട് ഡിസൈനർ. കിരൺ ദാസ് ചിത്രസംയോജനവും മിഥുൻ മുകുന്ദൻ സംഗീത സംവിധാനവും നിർവഹിക്കുന്നു. കലാസംവിധാനം–ഷാജി നടുവിൽ, പ്രൊഡക്ഷൻ കൺട്രോളർ–പ്രശാന്ത് നാരായണൻ, ചമയം –റോണക്സ് സേവ്യർ ആൻസ് എസ്സ് ജോർജ്, വസ്ത്രാലങ്കാരം –സമീറ സനീഷ്, പിആർഒ –പ്രതീഷ് ശേഖർ, ഡിജിറ്റൽ മാർക്കറ്റിംഗ്–അനൂപ് സുന്ദരൻ, വിഷ്ണു സുഗതൻ എന്നിവരാണ് മറ്റ് അണിയറപ്രവർത്തകർ.




# വിലായത്ത് ബുദ്ധയിലെ പൃഥ്വിരാജിന്റെ ലുക്ക് പുറത്തിറങ്ങി

പൃഥ്വിരാജ് സുകുമാരൻ നായകനായ വിലായത്ത് ബുദ്ധ എന്ന ചിത്രം ഇടുക്കിയിൽ ഒരുങ്ങുന്നതിനെക്കുറിച്ച് ഞങ്ങൾ നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നു.അടുത്തിടെ സെറ്റിൽ ജോയിൻ ചെയ്ത താരം ചിത്രത്തിലെ തന്റെ ലുക്ക് പങ്കുവെച്ചിരിക്കുകയാണ്. പരുക്കൻ താടിയുള്ള ലുക്കിൽ ജീപ്പിൽ ഇരിക്കുന്നതും കാണാം. ചിത്രത്തിൽ ഡബിൾ മോഹനൻ എന്ന കഥാപാത്രത്തെയാണ് പൃഥ്വിരാജ് അവതരിപ്പിക്കുന്നത്.777 ചാർലിയിലും സമീപകാലത്ത് ഹിറ്റായ കാന്താരയിലും പ്രശസ്തനായ ഛായാഗ്രാഹകൻ അരവിന്ദ് കശ്യപ്, വിലയത്ത് ബുദ്ധ എന്ന ചിത്രത്തിലൂടെയാണ് മലയാളത്തിൽ അരങ്ങേറ്റം കുറിക്കുന്നത്. ജേക്സ് ബിജോയ് സംഗീത സംവിധാനം നിർവ്വഹിക്കുന്നു, എഡിറ്റിംഗ് ശ്രീജിത്ത് സാരംഗ് നിർവഹിക്കുന്നു. ഉർവശി തിയേറ്റേഴ്സിന്റെ ബാനറിൽ സന്ദീപ സേനൻ ആണ് ചിത്രം നിർമ്മിക്കുന്നത്.

# ബ്രഹ്മാസ്ത്ര ഒടിടി റിലീസിന് ഒരുങ്ങുന്നു

ബോളിവുഡിനെ പുനരുജ്ജീവിപ്പിച്ച ചിത്രമായിരുന്നു രൺബീർ കപൂറും ആലിയ ഭട്ടും ഒന്നിച്ച ബ്രഹ്മാസ്ത്ര. സെപ്തംബർ 9 ന് റിലീസ് ചെയ്ത ചിത്രം 270 കോടിയിലധികം കളക്ഷൻ നേടി, ഇപ്പോഴും ചില തിയേറ്ററുകളിൽ ഓടിക്കൊണ്ടിരിക്കുകയാണ്.തിയറ്ററുകളിൽ ഫാന്റസി സിനിമ കാണാൻ അവസരം ലഭിച്ചിട്ടില്ലാത്തവർക്ക്, ഇപ്പോൾ അവരുടെ വീടുകളിൽ നിന്ന് അത് കാണാൻ കഴിയും. അതെ, തിയേറ്ററുകളിലെ വിജയകരമായ റൺ–ടൈമിന് ശേഷം, ബ്രഹ്മാസ്ത്ര നവംബർ 4 ന് ഡിസ്നി + ഹോട്ട്സ്റ്റാറിൽ റിലീസ് ചെയ്യാൻ ഒരുങ്ങുകയാണ്.അയൻ മുഖർജിയുടെ സംവിധാന സംരംഭമായ ബ്രഹ്മാസ്ത്രയിൽ നിന്ന് സിനിമാപ്രേമികൾക്ക് വലിയ പ്രതീക്ഷയുണ്ടായിരുന്നു. കൂടാതെ ചിത്രം പ്രേക്ഷകരുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്നു. ഒരു മാസത്തിലേറെയായി തിയേറ്ററുകളിൽ വിജയകരമായി പ്രദർശിപ്പിച്ച ബ്രഹ്മാസ്ത്ര, ഇപ്പോൾ ഒടിടി പ്ലാറ്റ്ഫോമായ ഡിസ്നി+ ഹോട്ട്സ്റ്റാറിൽ നവംബർ 4 ന് ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ, മലയാളം എന്നീ അഞ്ച് ഭാഷകളിൽ റിലീസ് ചെയ്യും.രൺബീർ കപൂർ, ആലിയ ഭട്ട്, അമിതാഭ് ബച്ചൻ, മൗനി റോയ് എന്നിവരാണ് ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ഷാരൂഖ് ഖാനും നാഗാർജുനയും ചിത്രത്തിൽ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു

BUSINESS NEWS



# ഇൻഡെയ്ൻ എൽപിജിക്ക് 57–ാം പിറന്നാൾ

ഇൻഡെയ്ൻ എൽപിജി ഈ വർഷം അതിന്റെ 57-ാം പിറന്നാൾ ആഘോഷിക്കുന്നു. .എൽപിജിയെ കുറിച്ചുള്ള അവബോധം വളർത്തുന്നതിനും ഈ അസാധാരണമായ ഹരിത ഊർജത്തിന്റെ നേട്ടങ്ങളുടെ ദൃശ്യപരത വർദ്ധിപ്പിക്കുന്നതിനുമായി ഇന്ത്യൻ ഓയിൽ എല്ലാ വർഷവും ഒക്ടോബർ 22-ന് ഇൻഡെയ്ൻ ദിനമായി ആഘോഷിക്കുന്നു.ദിനംപ്രതി 27 ലക്ഷത്തിലധികം സിലിണ്ടറുകൾ എത്തിക്കാനും 14.6 കോടി സജീവ ഉപഭോക്താക്കളെ സൃഷ്ടിക്കാനും സാധിച്ചത് അസാധാരണമായ നേട്ടമാണെന്ന് മാർക്കറ്റിംഗ് ഡയറക്ടർ വി സതീഷ്കുമാർ പറഞ്ഞു. '57 വർഷം മുമ്പ്, ആളുകൾ ഭയത്തോടും സംശയത്തോടും കൂടിയാണ് എൽപിജിയെ നോക്കിയിരുന്നത്, ഇന്ന് രാജ്യത്ത് വിൽക്കുന്ന ഓരോ രണ്ടാമത്തെ എൽപിജി സിലിണ്ടറും ഇൻഡെയ്ൻ ആണ്.' അദ്ദേഹം പറഞ്ഞു.1965 ഒക്ടോബർ 22-ന് കൊൽക്കത്തയിൽ ആരംഭിച്ച ഈ 'ജനങ്ങളുടെ ഇന്ധനത്തിന്' മിതമായ തുടക്കമായിരുന്നു ലഭിച്ചത്. എൽപിജിയുടെ ഉപയോഗത്തിലൂടെ, ദശലക്ഷക്കണക്കിന് ആളുകൾ പുകരഹിതവും സുരക്ഷിതവും വിശ്വസനീയവും വൃത്തിയുള്ളതും സൗകര്യപ്രദവുമായ ഗ്യാസിനായി പുകയും അനാരോഗ്യകരവുമായ പഴയ രീതിയിൽ ഉള്ള അടുപ്പുകൾ ഉപേക്ഷിച്ചു തുടങ്ങി.ഇന്ന് എൽപിജി എന്ന ഈ ഹരിത ഇന്ധനം ഉയർന്ന താപദക്ഷതയാൽ പ്രവർത്തിക്കുന്ന, മലിനീകരണം ഇല്ലാത്ത, സുരക്ഷിതമായ, സമൃദ്ധമായി ലഭിക്കുന്ന ഒന്നാണ്. നിലവിൽ 31.2 കോടി സജീവ ഉപഭോക്താക്കൾ അടങ്ങുന്ന ഗാർഹിക മേഖലയാണ് എൽപിജിയുടെ 89 ശതമാനത്തിലധികം ഉപയോഗിക്കുന്നത്. ഇവരിൽ 14.6 കോടി ഇൻഡെയ്ൻ ഉപഭോക്താക്കലാണ്.ഏഴ് വ്യത്യസ്ത പാക്കേജുകളിലായി എൽപിജി ഉൽപ്പന്നം വിതരണം ചെയ്യുന്ന 12800-ലധികം ഇൻഡേൻ വിതരണക്കാരുടെ സമർപ്പിത ശൃംഖലയാണ് ഈ ഭീമാകാരമായ വിപണിയെ സേവിക്കുന്നത്. ഗാർഹിക ഉപഭോക്താക്കൾക്ക് 14.2 കിലോ, ചെറിയ ഗാർഹിക വിഭാഗത്തിന് 5 കിലോ, പുതിയ കാലത്തെ ആധുനിക അടുക്കളകൾക്ക് 10 കിലോ, 2 കിലോ മുന്ന, 5 കിലോ ചോട്ടു, വാണിജ്യ ഉപഭോക്താക്കൾക്ക് 19 കിലോ, 47.5 കിലോ വേരിയന്റുകൾ, വലിയ വാണിജ്യ വ്യവസായ ഉപഭോക്താക്കൾക്ക് 425 കിലോയുടെ ജംബോ സിലിണ്ടറുകൾ എന്നിവ ഇൻഡെയ്ൻ കുടക്കീഴിൽ വരുന്ന ഉൽപ്പന്നങ്ങളാണ്.



# വിമാനങ്ങൾക്ക് സ്റ്റാർലിങ്ക് ഏവിയേഷൻ സേവനവുമായി സ്പേസ് എക്സ്

സാറ്റലൈറ്റ് ഇൻറർനെറ്റ് ശൃംഖല വിമാനങ്ങളിൽ ലഭ്യമാക്കുന്ന പുതിയ സേവനമായ സ്റ്റാർലിങ്ക് ഏവിയേഷൻ പ്രോഗ്രാം സ്പേസ് എക്സ് അവതരിപ്പിക്കുന്നു.''സ്റ്റാർലിങ്ക് ഉപയോഗിച്ച്, യാത്രക്കാർക്ക് അവരുടെ വിമാനത്തിൽ ഉയർന്ന വേഗതയുള്ള ഇൻറർനെറ്റ് ആക്സസ് ചെയ്യാൻ കഴിയും,'' സ്പേസ് എക്സ് കനി ടീറ്റ് ചെയ്തു.2022 ജൂണിൽ ഉപഗ്രഹ അധിഷ്ഠിത ഇൻറർനെറ്റിനായുള്ള റിസീവർ ഉപകരണങ്ങളായ സ്റ്റാർലിങ്ക് ടെർമിനലുകൾ വിൽപ്പന ആരംഭിക്കാൻ സ്പേസ് എക്സിന് അനുമതി ലഭിച്ചിരുന്നു. ഇതിന് പിന്നാലെയാണ് വിമാനങ്ങൾക്കായി സ്റ്റാർലിങ്ക് ഏവിയേഷൻ പദ്ധതിയുമായി കമ്ബനി രംഗത്ത് വന്നിരിക്കുന്നത്.




# മൂന്ന് സംരംഭങ്ങൾക്ക് ചിന്നികൃഷ്ണൻ ഇന്നവേഷൻ അവാർഡുകൾ

**കൊച്ചി:** സംരംഭകത്വത്തിന്റെ ആവേശം ആഘോഷമാക്കി കാവിൻകെയർ, മദ്രാസ് മാനേജ്മെന്റ് അസോസിയേഷനുമായി ചേർന്ന് ചിന്നികൃഷ്ണൻ ഇന്നൊവേഷൻ അവാർഡ് 2022 ന്റെ പതിനൊന്നാമത് എഡിഷൻ സംഘടിപ്പിച്ചു. കേരളത്തിൽ നിന്നുള്ള രജിത്ത് നായർ, പ്രശാന്ത് തങ്കപ്പൻ- ഇൻട്ടോട്ട് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് ഡിജിറ്റൽ റേഡിയോ പ്രക്ഷേപണത്തിലെ അവരുടെ സംഭവനക്കും, കൂടാതെ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് റോബോട്ട് രൂപകല്പനയ്ക്ക് ദിവാൻഷു കുമാർ - സോളിനാസ് ഇന്റഗ്രിറ്റി പ്രൈവറ്റ് ലിമിറ്റഡ്, വൈദ്യുത രഹിതവും പരിസ്ഥിതി സൗഹൃദവുമായ റഫ്രിജറേറ്റർ നൂതനരീതിയിൽ രൂപകല്പനയ്ക്ക് മൻസുഖ്ഭായ് പ്രജാപതി - മിറ്റിക്കൂൾ ക്ലേ ക്രിയേഷൻ എന്നിവർ അവാർഡിന് അർഹത നേടി. വിജയികൾക്ക് ഒരു ലക്ഷം രൂപ വീതം ലഭിച്ചു. ന്യൂ ഡൽഹിയിലെ ഡിസിഎം ശ്രീറാം ഇൻഡസ്ട്രീസ് ലിമിറ്റഡ് സീനിയർ മാനേജിംഗ് ഡയറക്ടർ ആൻഡ് സിഇഒ ശ്രീ. അലോക് ബി ശ്രീറാം,കാവിൻകെയർ ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ ശ്രീ സി കെ രംഗനാഥൻ എന്നിവർ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു. അന്തരിച്ച ശ്രീ ആർ. ചിന്നികൃഷ്ണനോടുള്ള ആദരസൂചകമായാണ് കാവിൻകെയർ, ചെറുകിട, കുടിൽ വ്യവസായങ്ങൾ നടത്തുന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്.'രാജ്യത്തുടനീളമുള്ള സംരംഭകരുടെ വിസ്മയിപ്പിക്കുന്ന കണ്ടുപിടിത്തങ്ങൾ അംഗീകരിക്കപ്പെടുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഏതൊരു ബിസിനസ്സിലും നൂതനമായ മാർഗ്ഗങ്ങൾ അല്ലെങ്കിൽ കണ്ടുപിടുത്തങ്ങൾ ഒരു പ്രധാന പ്രേരണ ഘടകമാണ്. അതാത് മേഖലകളിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുകയും ഭാവിയെ പുനർനിർമ്മിക്കുകയും ചെയ്യുന്ന അതിശയകരമായ പുതുമകൾ ഈ പരിപാടിയിൽ നാം ഇന്ന് കണ്ടു. ഈ സവിശേഷമായ സംരംഭങ്ങളും അവ നൽകുന്ന വാഗ്ദാനങ്ങളും അനാവരണം ചെയ്യുന്നത് വിലയിരുത്തുന്ന ജൂറികൾക്കും തീർച്ചയായും ഒരു ആവേശകരമായ അനുഭവമായിരുന്നു. ഈ നവീന മാർഗ്ഗങ്ങളുടെ വക്താക്കൾക്കെല്ലാം മുന്നോട്ടുള്ള യാത്ര വിജയകരമായിരിക്കട്ടെ എന്ന് ആശംസിക്കുന്നുവെന്ന് കാവിൻകെയർ പ്രൈവറ്റ് ലിമിറ്റഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ സി കെ രംഗനാഥൻ ചടങ്ങിൽ പറഞ്ഞു.




# ലോകകപ്പ്; പാകിസ്തനെതിരേ ഇന്ത്യയ്ക്ക് ജയമൊരുക്കി കിങ് കോഹ്‌ലി

**മെൽബൺ:** ലോകകപ്പിലെ ഏറ്റവും ആവേശം നിറഞ്ഞ മൽസരത്തിൽ പാകിസ്താനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി ഇന്ത്യ.വിരാട് കോഹ്‌ലിയുടെ ഒറ്റയാൾ പ്രകടനമാണ് ഇന്ത്യക്ക് ജയമൊരുക്കിയത്.സൂപ്പർ 12ലെ മൽസരത്തിൽ ഇന്ത്യയ്ക്ക് ലക്ഷ്യം 160 റൺസായിരുന്നു. അവസാന പന്ത് വരെ ആവേശം വിതറിയ മൽസരമായിരുന്നു. അവസാന പന്തിലാണ് ഇന്ത്യ ജയം നേടിയതും. 53 പന്തിൽ 82 റൺസാണ് കോഹ്‌ലി പുറത്താവാതെ നേടിയത്. കോഹ്‌ലിയുടെ കരിയറിലെ മറക്കാനാവാത്ത ഇന്നിങ്സിനാണ് മെൽബൺ വേദിയായത്. അവസാന ഓവറിൽ ഇന്ത്യയ്ക്ക് 16 റൺസായിരുന്നു വേണ്ടത്.എന്നാൽ ഇതിഹാസ മുൻ നായകൻ കോഹ്‌ലി പൊരുതാനുറച്ച് ബാറ്റ് വീശുകയായിരുന്നു. ഒടുവിൽ അവസാന പന്ത് സ്ട്രൈക്ക് ചെയ്തത് അശ്വിൻ ആയിരുന്നു. അശ്വിൻ അനായാസം ഇന്ത്യയുടെ വിജയ റൺ നേടി.തുടക്കത്തിൽ തന്നെ രാഹുലിനെയും (4) രോഹിത്തിനെയും (4) ഇന്ത്യയ്ക്ക് നഷ്ടമായിരുന്നു. പിന്നീടുള്ള പ്രതീക്ഷ കോഹ്‌ലിയിലായിരുന്നു. താരം ഒരു വശത്ത് നിന്ന് പൊരുതി. ഇതിനിടെ വന്ന സൂര്യകുമാർ യാദവ് (15), അക്സർ പട്ടേൽ (2) എന്നിവർ പെട്ടെന്ന് പുറത്തായി. കോഹ്‌ലിക്കൊപ്പം പിന്നീട് പിടിച്ച് നിന്നത് ഹാർദ്ദിക്ക് പാണ്ഡെ ആയിരുന്നു. പാണ്ഡെ 37 പന്തിൽ 40 റൺസെടുത്തു.ആദ്യം ബാറ്റ് ചെയ്ത പാകിസ്താൻ 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 159 റൺസെടുത്തു. ഷാൻ മസൂദ് (52*), ഇഫ്തിഖർ അഹ്മദ് (51) എന്നിവരുടെ അർദ്ധസെഞ്ചുറികളാണ് പാകിസ്താന് രക്ഷയായത്. രണ്ടാമത്തെ ഓവറിൽ തന്നെ ക്യാപ്റ്റൻ ബാബർ അസമിനെ അർഷദീപ് പുറത്താക്കി ഇന്ത്യയ്ക്ക് മികച്ച തുടക്കം നൽകി. വീണ്ടും നാലമാത്തെ ഓവറിൽ റിസ്വാനെയും (4) അർഷദീപ് പുറത്താക്കി. എന്നാൽ മസൂദും ഇഫ്തിഖറും നിലയുറപ്പിച്ചതോടെ ഇന്ത്യയ്ക്ക് രക്ഷയില്ലാതായി. ഇഫ്തിഖർ പുറത്തായതിന് ശേഷമെത്തിയ ഷഹദാബ് (5), ഹൈദർ (2), നവാസ്(9) എന്നിവരെ പെട്ടെന്ന് പുറത്താക്കി ഹാർദ്ദിക്ക് പാണ്ഡെ ഇന്ത്യക്ക് മുൻതൂക്കം നൽകി. ആസിഫ് (2) അലിയുടെ വിക്കറ്റും അർഷദീപ് സിങ് നേടി.16 റൺസുമായി നിലയുറപ്പിച്ച ഷഹീൻ അഫ്രീഡിയെ ഭുവനേശ്വർ കുമാറും പുറത്താക്കി. ഏറെ പ്രതീക്ഷ വച്ച് പുലർത്തിയ മുഹമ്മദ് ഷമിക്ക് ഒരു വിക്കറ്റ് നേടാനെ കഴിഞ്ഞുള്ളൂ.




# ചരിത്രം സൃഷ്ടിച്ച് അമൻ സെഹ്‌രാവത്; 23 വയസിന് താഴെയുള്ളവരുടെ ലോക ഗുസ്തി ചാംപ്യൻഷിപ്പിൽ സ്വർണം നേടുന്ന ആദ്യ ഇൻഡ്യൻ താരം

**ന്യൂഡെൽഹി:** സ്പെയിനിൽ നടന്ന 23 വയസിന് താഴെയുള്ളവരുടെ ലോക ഗുസ്തി ചാംപ്യൻഷിപിൽ സ്വർണം നേടി ഇൻഡ്യൻ യുവ ഗുസ്തി താരം അമൻ സെഹ്‌രാവത് ചരിത്രം സൃഷ്ടിച്ചു.പുരുഷന്മാരുടെ 57 കിലോഗ്രാം ഫ്രീസ്റ്റൈൽ വിഭാഗത്തിന്റെ ഫൈനലിൽ തുർകി ഗുസ്തി താരം അഹ്മദ് ഡുമാനെതിരെ 12-4ന് ജയിച്ചാണ് 18-കാരൻ ഈ അവിശ്വസനീയ നേട്ടം കൈവരിച്ചത്. ഒളിംപിക്സ് മെഡൽ ജേതാക്കളായ ബജ്റംഗ് പുനിയയയും രവി ദാഹിയയും പോലും ഈ ടൂർണമെന്റിൽ നേരത്തെ വെള്ളി മെഡലാണ് നേടിയിരുന്നത്.പ്രീ കാർടറിൽ ശ്രീലങ്കയുടെ ഹൻസന മധുശങ്കയെ 11-0 ത്തിനും കാർടർ ഫൈനലിൽ ജപാന്റെ തോഷിയ ആബെയെ 13-2 നും പരാജയപ്പെടുത്തിയാണ് അമൻ നേരത്തെ സെമിയിൽ കടന്നത്. സെമിയിൽ കിർഗിസ്താന്റെ ബെക്ജത് അൽമാസിനെ 10-5ന് തോൽപിച്ച് മെഡൽ ഉറപ്പിച്ചെങ്കിലും ഫൈനലിൽ അത് സ്വർണമാക്കി മാറ്റി. ഈ ചാംപ്യൻഷിപിൽ ഇൻഡ്യയുടെ ആറാമത്തെ മെഡലാണിത്.വനിതകളുടെ 50 കിലോ ഗുസ്തിയിൽ അങ്കുഷ് വെള്ളി മെഡൽ കൂടി നേടിയതോടെ ഇൻഡ്യ മെഡൽ പട്ടികയിൽ ആറാം സ്ഥാനത്തേക്ക് ഉയർന്നു. വനിതകളുടെ ഗുസ്തിയിൽ 59 കിലോഗ്രാം വിഭാഗത്തിൽ മാൻസി അഹ്ലാവത്ത് വെങ്കലം നേടിയപ്പോൾ യഥാക്രമം 97 കിലോഗ്രാം ഇനത്തിലും 72 കിലോഗ്രാം വിഭാഗത്തിൽ നിതേഷും വികാസും വെങ്കലം നേടി.




# ലോകകപ്പ്; ശ്രീലങ്കയ്ക്ക് ജയം

**സിഡ്നി:** ട്വന്റി-20 ലോകകപ്പ് സൂപ്പർ 12ൽ ശ്രീലങ്കയ്ക്ക് ഭീമൻ ജയം. അയർലന്റിനെതിരേ ഒമ്പത് വിക്കറ്റ് ജയമാണ് ലങ്ക നേടിയത്.അയർലന്റ് മുന്നോട്ട് വച്ച ലക്ഷ്യം 129 റൺസായിരുന്നു.15 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ ലങ്ക ലക്ഷ്യം പിന്തുടർന്നു. 43 പന്തിൽ കുസാൽ മെൻഡിസ് 68 റൺസെടുത്ത് ലങ്കയുടെ ടോപ് സ്കോറർ ആയി. ഡി സിൽവ, അസ്‌ലങ്ക എന്നിവർ 31 റൺസ് വീതം നേടി. ടോസ് അയർലന്റിനായിരുന്നു. ടെക്ടർ (45), സ്റ്റിർലിങ് (34) എന്നിവരാണ് അയർലന്റിനായി മികച്ച ബാറ്റിങ് കാഴ്ചവച്ചത്.




# ബാഴ്സലോണയേ തങ്ങളുടെ ഉറച്ച പ്രതിരോധത്തിലൂടെ പരീക്ഷിക്കാൻ അത്‌ലറ്റിക്കോ ബിലിബാവോ

ഞായറാഴ്ച രാത്രി അത്‌ലറ്റിക് ബിൽബാവോയെ ക്യാമ്പ് നൗവിലേക്ക് സ്വാഗതം ചെയ്യുമ്ബോൾ ബാഴ്സലോണ ലാലിഗയിൽ തുടർച്ചയായ രണ്ടാം വിജയം റെജിസ്റ്റർ ചെയ്യാനുള്ള ലക്ഷ്യത്തിൽ.കറ്റാലൻ ടീം നിലവിൽ പട്ടികയിൽ രണ്ടാം സ്ഥാനത്താണ്,ചിര വൈരികൾ ആയ റയൽ മാഡ്രിഡിനേക്കാൾ മൂന്ന് പോയിന്റ് പിന്നിൽ.മുൻ ബാഴ്സ കോച്ച് വാൽവറഡേ നയിക്കുന്ന അത്‌ലറ്റിക്ക് ആറാം സ്ഥാനത്തും. വില്ലാറിയലുമായുള്ള വ്യാഴാഴ്ചത്തെ മത്സരത്തിൽ ജയം നേടി എങ്കിലും പ്രതിരോധം ശക്തമായ ടീമുകൾ എത്തുമ്ബോൾ ബാഴ്സയുടെ പ്രകടനം ദിനംപ്രതി മോശമായികൊണ്ടിരിക്കുകയാണ്. മികച്ച പ്രതിരോധത്തിന് പേരുകേട്ട ബിലിബാവോ ഇന്നത്തെ മത്സരത്തിൽ ബാഴ്സക്കെതിരെ ഒരു കോട്ട കെട്ടി തന്നെ ആയിരിക്കും ഇന്നത്തെ മത്സരത്തിലേക്ക് പ്രവേശിക്കാൻ പോകുന്നത്.മത്സരം കാമ്ബ് ന്യൂയിൽ ആണ് എന്നത് ബാഴ്സക്ക് നേരിയ മേൽക്കൈ നൽകുന്നു.സീനിയർ ടീമങ്കങ്ങളെ എല്ലാം തഴഞ്ഞ് ഒരു യുവ മികച്ച യുവനിര ടീമിനെ ആയിരിക്കും സാവി ഇന്നത്തെ മത്സരത്തിൽ കളിക്കാൻ ഇറക്കുന്നത്.ഫോർവേഡ് ലൈനിൽ സാവി ആരെ അണിനിരത്തും എന്നത് ഇപ്പോഴും വ്യക്തമല്ല.ഉസ് മാൻ,ഡെംബെലെ, ലെവൻഡോവ്സ്കി, ഫാട്ടി എന്നിവർ ആദ്യ അടങ്ങുന്ന ആദ്യ ടീമും,റഫീഞ്ഞ,ടോറസ് എന്നിവരെ സബ് ആയി നിയമിക്കാനുമാണ് സാവിയുടെ തീരുമാനം എന്ന് സ്പാനിഷ മാധ്യമങ്ങൾ പ്രവചനം നടത്തിയിട്ട് ഉണ്ട്.




# റാഫേൽ വരാനെയ്ക്ക് പരിക്ക്; ലോകകപ്പ് നഷ്ടമായേക്കും

**മാഞ്ചസ്റ്റർ:** മാഞ്ചസ്റ്റർ യുനൈറ്റഡിന്റെ ഫ്രഞ്ച് ഡിഫൻഡർ റാഫേൽ വരാനെയ്ക്ക് പരിക്ക്. പരിക്ക് സാരമുള്ളതാണെന്നാണ് ആദ്യത്തെ റിപ്പോർട്ടുകൾ.ഇതോടെ താരത്തിന് ലോകകപ്പ് നഷ്ടമായേക്കും.ചെൽസിക്കെതിരായ മൽസരത്തിലാണ് താരത്തിന്റെ കാൽമുട്ടിന് പരിക്കേറ്റത്. പരിക്കേറ്റ താരം കരഞ്ഞുകൊണ്ടാണ് കളം വിട്ടത്. പരിക്കിന്റെ കൂടുതൽ വിവരങ്ങൾ 24 മണിക്കൂറിനുള്ളിൽ ക്ലബ്ബ് പുറത്ത് വിടും. 29കാരനായ വരാനെ മുൻ റയൽ താരമാണ്. മികച്ച ഫോമിലുള്ള താരത്തിന്റെ പരിക്ക് തീവ്രമാണെങ്കിൽ ഫ്രാൻസിന്റെ സ്ക്വാഡിൽ നിന്ന് പുറത്താവും. നേരത്തെ മിഡ്ഫീൽഡർ കാന്റെയും പരിക്കിനെ തുടർന്ന് ഫ്രഞ്ച് ടീമിൽ നിന്ന് പുറത്തായിരുന്നു.



# സംസ്ഥാന സബ്ജൂനിയർ സോഫ്റ്റ് ബോൾ; തൃശ്ശൂരും, മലപ്പുറവും ഫൈനലിൽ

**ആലക്കോട് ( കണ്ണൂർ);** കണ്ണൂർ ആലക്കോട് മേരിമാതാ ആർട്സ് ആന്റ് സയൻസ് കോളേജ് ഗ്രൗണ്ടിലും, എൻ.എസ്.എസ് എച്ച് എസ് എസ് ഗ്രൗണ്ടിലുമായി നടക്കുന്ന 27 മത് കേരള സംസ്ഥാന സബ്ജൂനിയർ സോഫ്റ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ തൃശ്ശൂരും , മലപ്പുറവും ഫൈനലിൽ പ്രവേശിച്ചു. സെമി ഫൈനൽ മത്സരത്തിൽ തൃശ്ശൂർ തിരുവനന്തപുരത്തെ (100)ത്തിനും മലപ്പുറം പാലക്കാടിനെ (70) പരാജയപ്പെടുത്തിയാണ് ഫൈനലിൽ പ്രവേശിച്ചത്.ആൺകുട്ടികളുടെ വിഭാഗത്തിൽ കണ്ണൂർ, കോട്ടയം, മലപ്പുറം, തിരുവനന്തപുരം ടീമുകൾ സെമി ഫൈനലിൽ പ്രവേശിച്ചു.കോട്ടർ ഫൈനലിൽ കണ്ണൂർ ആലപ്പുഴയെ ( 73), കോട്ടയം പാലക്കാടിനെ ( 102), മലപ്പുറം എറണാകുളത്തെ (103), തിരുവനന്തപുരം കൊല്ലത്തെ (83) പരാജയപ്പെടുത്തിയാണ് സെമി ഫൈനലിൽ പ്രവേശിച്ചത്.സെമി ഫൈനൽ , ഫൈനൽ മത്സരങ്ങൾ തിങ്കളാഴ്ചയും നടക്കും.

EDITORS CHOICE




# ഐക്യരാഷ്ട്ര ദിനം

ലോകസമാധാനം നിലനിർത്താൻ ഒരു സംഘടന രൂപീകരിക്കണമെന്ന ലക്ഷ്യത്തോടെ 1945 ജൂൺ 24ന് 51 രാജ്യങ്ങളുടെ പ്രതിനിധികൾ സാൻ ഫ്രാൻസിസ്കോയിൽ ഒത്തുകൂടി. ഇതിനായി ഇവർ യു.എൻ ചാർട്ടർ ഒപ്പുവച്ചു. നാലു മാസങ്ങൾക്ക് ശേഷം ഒക്ടോബർ 24ന് യു.എൻ ചാർട്ടർ നിലവിൽ വന്നു. ഈ ദിനത്തിന്റെ വാർഷികം 1948 മുതൽ ഐക്യരാഷ്ട്ര ദിനം ആയി ആചരിക്കപ്പെടുന്നു.അമേരിക്കൻ പ്രസിഡന്റായ ഫ്രാങ്ക്ളിൻ റൂസ്‌വെൽറ്റാണ് യുണൈറ്റഡ് നേഷൻസ് എന്ന പേര് നിർദ്ദേശിച്ചത്. ഐക്യരാഷ്ട്ര സംഘടനയുടെ നിയമപുസ്തകമാണ് ചാർട്ടർ എന്നറിയപ്പെടുന്നത്. യുദ്ധത്തിൽ നിന്നും മനുഷ്യരാശിയെ രക്ഷിക്കുക, സ്ത്രീയ്ക്കും പുരുഷനും തുല്യഅവകാശം ഉറപ്പുവരുത്തുക, നീതിയെയും രാജ്യാന്തരനിയങ്ങളെയും പിന്തുണയ്ക്കുക, സാമൂഹിക പുരോഗതിയും ജീവിതനിലവാരവും ഉയർത്തുന്നതിനായി നിലകൊള്ളുക എന്നിവയാണ് സംഘടനയുടെ ലക്ഷ്യങ്ങൾ.ഇംഗ്ലീഷ്, ചൈനീസ്, ഫ്രഞ്ച്, റഷ്യൻ, സ്പാനിഷ്, അറബിക് എന്നീ ആറു ഭാഷകളാണ് യു.എൻ അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ദൈനംദിന കാര്യങ്ങൾക്ക് ഇംഗ്ലീഷും ഫ്രഞ്ചുമാണ് ഉപയോഗിക്കുന്നത്. മുൻ പോർച്ചുഗൽ പ്രധാനമന്ത്രിയായിരുന്ന ആന്റോണിയോ ഗ്യൂട്ടെറസാണ് ഐക്യരാഷ്ട്രസഭയുടെ ഇപ്പോഴത്തെ സെക്രട്ടറി ജനറൽ.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com